വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
ഓഗസ്റ്റ്

Coirfed

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



- **ഓണക്കാലത്ത് കയർമേഖലയ്ക്ക് സർക്കാർ വക 52.86 കോടി**
- **കയർവിലയായി കയർഫെഡ് 20 കോടി നൽകി**

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed

'ആഘോഷം ഏതുമാവട്ടെ അനുയോജ്യ
സമ്മാനം കയർഫെഡ് മെത്തകൾ തന്നെ'



*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം

അവിശ്വസനീയമായ
ഓഫറുകളുമായി
കയർഫെഡ്..!




Cocofert



Mattings



Tiles

കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി
തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!


Customer Care Number :
0477 2243627




Mats




Briquette



Coco Pot

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

**Head Office. No : +91 8281009840, +91 8281009828, +91 9495605091** | **Alappuzha :** 8281009856 | **Chalakkudy :** 8281009859 | **Chengannur :** 8281009854 | **Ernakulam :** 8281009858 | **Kannur :** 8281009864 | **Kayamkulam :** 8281009850 | **Kollam :** 8281009849 | **Kottayam :** 8281009857 | **Kozhikode :** 8281009863 | **Malappuram :** 8281009862 **Mavelikkara :** 8281009852 | **Nangiyarkulangara :** 8281009853 | **Narmada (Tvm) :** 8281009845 | **Parippally :** 8281009848 | **Palakkad :** 8281009826 | **Sulthan Batherry :** 8281009865 | **Thrissur :** 8281009860 | **Tirur :** 8281009861 | **Trida (Tvm) :** 8281009846 | **Ananthapuri :** 8281009847 | **Pathanamthitta :** 8281009873 | **Sreekayam :** 9349109251

**കയർ**
**വ്യവസായം**

# ഉള്ളടക്കം

**Vol-5, No.-1**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

**PAGE 06**

**കയർ സഹകരണ പ്രസ്ഥാനം**
**തിരു–കൊച്ചി നിയമസഭാ ചർച്ച – 2**

**PAGE 19**

**ഓണക്കാലത്ത് കയർമേഖലയിൽ 52.86 കോടി: മന്ത്രി പി. രാജീവ്**

**PAGE 20**

**ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ**

**PAGE 25**

**ഓണത്തിന് കയർവിലയായി കയർഫെഡ് 20 കോടി വിതരണം ചെയ്തു: അഡ്വ. എൻ. സായികുമാർ**


**PAGE 36**

**കയർമേഖലയിലെ മൺമറഞ്ഞ കുലപതികൾ: കെ.ആർ. ഗൗരിയമ്മ**

**ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ
വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി– 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29







# എഡിറ്റോറിയൽ

## കയർമേഖലയിൽ ഓണപ്പൂക്കാലം

**ക**യർ മേഖലയാകെ, അതിനെ ഗ്രസിച്ചിരുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും ഒന്നൊന്നായി തരണം ചെയ്തും പരിഹരിച്ചും സമാനതകളില്ലാത്ത വികസന പന്ഥാവിലൂടെ കടന്നു പോകുകയാണല്ലോ. കയർരംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ പ്രസ്ഥാനത്തിനും കയർത്തൊഴിലാളികൾക്കും ഈ രംഗത്തെ സ്വകാര്യ സ്ഥാപനങ്ങൾക്കുമെല്ലാം കരുത്തുറ്റ പിൻതുണയും ആത്മവിശ്വാസവും നൽകി ഇടതു പക്ഷ സർക്കാരുകൾ നടത്തിയ പ്രവർത്തനങ്ങളാണ് ഈ പുതിയ ഊർജ്ജസ്വലതക്ക് പിന്നിൽ എന്നത് ആവർത്തിച്ച് പറയേണ്ടതുണ്ട്.

കോവിഡ് 19 മഹാമാരിയുടെ കാലത്തും കയർ സഹകരണസംഘങ്ങളിൽ നിന്നും സംഭരിച്ച മുഴുവൻ കയറിന്റെ വിലയും നൽകികൊണ്ടാണ് കയർഫെഡും സർക്കാരും ഇത്തവണത്തെ ഓണത്തെ വരവേറ്റത്. 20 കോടി രൂപയാണ് ഈയിനത്തിൽ കയർ ഫെഡ് ഓണക്കാലത്തിന് മുൻപ് തന്നെ കയർ സംഘങ്ങൾക്ക് വിതരണം ചെയ്തത്. ബഹു. കയർമന്ത്രി പി. രാജീവിന്റെ പ്രത്യേക താത്പര്യത്തിൽ സർക്കാർ കയർഫെഡിന് 16 കോടി രൂപ അനുവദിച്ചു നൽകിയതുകൊണ്ടാണ് കയറിന്റെ വില തീർത്ത് നൽകാനായത്. കോവിഡിന്റെ ഈ രണ്ടാം പ്രഹര കാലത്തും കയർ തൊഴിലാളികൾക്കും കയർ മേഖലയ്ക്കുമായി ഈ ഓണക്കാലത്ത് 52.86 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്.

ഉത്പന്ന സംഭരണത്തിന് കയർ കോർപ്പറേഷന് 15 കോടി രൂപ നൽകി. കയറുപിരി സംഘങ്ങൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ആയി നാലുകോടി രൂപ അനുവദിച്ചു. ഇൻകം സപ്പോർട്ട് സ്കീമിൽ 25 കോടി രൂപ വകയിരുത്തിയതിൽ 5 കോടിയും നൽകി. ഇത്തരത്തിൽ ഓണ സന്ദർഭത്തിൽ മാത്രം കയർമേഖലയിൽ 52.86 കോടി രൂപ ചെലവഴിക്കപ്പെട്ടു. ഇതുകൂടാതെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി സർക്കാർ നൽകിവരുന്ന ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ക്ഷേമപെൻഷനും നൽകി. ഇതിനായി 24.48 കോടി രൂപ യാണ് അനുവദിച്ചത്. 76,500 തൊഴിലാളികൾക്കാണ് ഇത്തരത്തിൽ പെൻഷൻ സഹായം ലഭിച്ചത്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായവർക്ക് 1,000 രൂപ വീതമുള്ള ധനസഹായവും ഇതോടൊപ്പം വിതരണം ചെയ്തു. 40,000 തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

ഇങ്ങനെ സമാനതകളില്ലാത്ത സർക്കാർ സഹായം വഴി കയർമേഖലയിൽ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സമൃദ്ധവും സന്തോഷദായകവുമായ ഓണനാളുകളാണ് കടന്നു പോയത്.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

എഡിറ്റോറിയൽ

# കയർ സഹകരണ പ്രസ്ഥാനം തിരു–കൊച്ചി നിയമസഭാ ചർച്ച



ചരിത്രത്തിലൂടെ...

തിരു-കൊച്ചി നിയമസഭയിൽ 1950 ജനുവരി 21ന് കയർ വ്യവസായത്തെക്കുറിച്ച് വക്കം അബ്ദുൾ മജീദ് അവതരിപ്പിച്ച പ്രമേയത്തിന് അന്നത്തെ വ്യവസായ മന്ത്രി എൻ. കുഞ്ഞിരാമൻ മറുപടി പറഞ്ഞു. ചർച്ചയിൽ അബ്ദുൾ മജീദിനെ കൂടാതെ ഡോ. ഇ.കെ. മാധവൻ, ഈപ്പൻ അറയ്ക്കൽ, പി.കെ. രാമൻ, കെ.കെ. ചെല്ലപ്പൻ പിള്ള, വർഗീസ് അഗസ്റ്റിൻ, എൻ.ഡി. ജോസ്, പി. നാണു, ചിദംബരനാഥ നാടാർ എ, പി. കുഞ്ഞുകൃഷ്ണൻ, മാധവൻ എം. മങ്കുഴി, പൊന്നറ ജി. ശ്രീധർ, ശങ്കര പിള്ള പാണ്ഡവത്ത്, ഉദയഭാനു എ.പി., റാം ആർ.കെ., കെ. രാമകൃഷ്ണ പിള്ള, യു.കെ. വാസുദേവൻ ആശാരി, എം.ഐ.പോൾ, കെ. കൊച്ചുകൃഷ്ണ പിള്ള എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

1950 ൽ തിരു കൊച്ചിയിൽ എൻ. കുഞ്ഞിരാമൻ വ്യവസായ മന്ത്രിയായിരുന്ന കാലത്താണ് കയർ ഉത്പാദക സഹകരണ സംഘങ്ങൾ സ്ഥാപിതമാകുന്നത്. ഇതിനു മുന്നോടിയായുള്ള തിരു-കൊച്ചി നിയമ സഭയിൽ നടന്ന ചർച്ചയുടെ ചരിത്ര രേഖ ഒന്നാം ഭാഗം കഴിഞ്ഞ ലക്കം കയർവ്യവസായം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. ആദ്യം പ്രമേയവും തുടർന്ന് നടന്ന ചർച്ചയുടെ പ്രസക്തഭാഗവും അതിനു ശേഷം വ്യവസായ മന്ത്രി എൻ. കുഞ്ഞിരാമന്റെ മറുപടി പ്രസംഗവും എന്ന ക്രമത്തിലാണ് ഈ രേഖ പ്രസിദ്ധീകരിക്കുന്നത്. ഒന്നാം ഭാഗത്തിൽ പ്രമേയവും ഈപ്പൻ അറയ്ക്കൽ, പി.കെ. രാമൻ, കെ.കെ. ചെല്ലപ്പൻ പിള്ള എന്നിവരുടെ ചർച്ചയുടെ പ്രസക്തഭാഗങ്ങളും പ്രസിദ്ധീകരിച്ചിരുന്നു.

ഇടത്തരം കയർ വ്യവസായികളുടെ സഹകരണ സംഘം തിരുവിതാംകൂറിൽ സ്ഥാപിക്കണമെന്ന പ്രമേയം ചർച്ചയുടെയും മന്ത്രിയുടെ മറുപടിയെ തുടർന്നും അവതാരകൻ പിൻവലിക്കുകയാണുണ്ടായത്. പിന്നീടാണ് കയർ മേഖലയിൽ സഹകരണ സംഘങ്ങൾ സ്ഥാപിതമായത്. ആദ്യ ഘട്ടത്തിൽ 22 കയർ ഉത്പാദക സംഘങ്ങളാണ് സ്ഥാപിതമായത്. ഇതിൽ ഉൾപ്പെട്ട പെരുങ്കുഴി, വാഴമുട്ടം (തിരുവല്ലം പാച്ചല്ലൂർ) സംഘങ്ങളെക്കുറിച്ചുള്ള ഫീച്ചർ കയർ വ്യവസായം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഈ ലക്കത്തിൽ പി. നാണു, പി. കുഞ്ഞുകൃഷ്ണൻ, മാധവൻ എം. മങ്കുഴി, പൊന്നറ ജി. ശ്രീധർ, ഉദയഭാനു എ.പി. എന്നിവരുടെ ചർച്ചയുടെ പ്രസക്ത ഭാഗവും മന്ത്രി എൻ. കുഞ്ഞുരാമന്റെ മറുപടിയുമാണ് ചേർക്കുന്നത്.

പത്രാധിപർ

**പി. നാണു**

മജീദിന്റെ പ്രമേയത്തിലെ തത്വത്തോട് ഞാൻ യോജിക്കുന്നുവെങ്കിലും പ്രമേയം കൊണ്ടു ഉദ്ദേശിക്കപ്പെടുന്ന വ്യാപ്തി ആ പ്രമേയത്തിൽ അദ്ദേഹം കൊടുത്തിട്ടില്ലെന്നും, കയർ വ്യവസായത്തിന്റെ അഭിവൃദ്ധിയെ ലക്ഷ്യമാക്കി അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തിൽ ഉൾക്കൊള്ളേണ്ടതായ എല്ലാ നിർദ്ദേശങ്ങളേയും അദ്ദേഹം ഉൾക്കൊള്ളിച്ചിട്ടില്ലെന്നും എനിക്കു തോന്നുന്നു. അതിനാൽ അദ്ദേഹത്തിന്റെ പ്രമേയത്തിൽ ചില കൂടുതൽ വിവരങ്ങൾകൂടി ചേർക്കേണ്ടതാണെന്നുള്ള അഭിപ്രായമാണ് എനിക്ക് ആദ്യമായി ഈ സഭയെ അറിയിക്കാനുള്ളത്.

അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന പ്രമേയം തിരുവിതാംകൂറിനെ മാത്രം സംബന്ധിക്കത്തക്കവണ്ണമാണ്. കയർ വ്യവസായം തിരുവിതാംകൂർ കൊച്ചി ഐക്യ സംസ്ഥാനത്തെ ഒന്നാകെ ഒരു പോലെ ബാധിക്കുന്ന ഒരു വ്യവസായമാണ്. കയർപിരിപ്പിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും കയർ വിൽപനയിൽ ഏർപ്പെട്ടിരിക്കുന്ന മുതലാളികളും ഈ രണ്ട് രാജ്യങ്ങളിലും ഒരുപോലെയുണ്ട്. ആ നിലയ്ക്ക് പഴയ തിരുവിതാംകൂറിനെ മാത്രം സംബന്ധിക്കത്തക്കവണ്ണം ഒരു പ്രമേയം കൊണ്ടുവരാതെ ഐക്യസംസ്ഥാനത്തെ ഒന്നാകെ ബാധിക്കത്തക്കവണ്ണമുള്ള ഒരു പ്രമേയം അദ്ദേഹം ഹാജരാക്കേണ്ടതായിരുന്നു. കൂടാതെ, ആ പ്രമേയം കയർ വ്യവസായത്തിന്റെ അഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ടാണെങ്കിലും അതിനൊരു പരിഹാരം മാത്രമേ അദ്ദേഹത്തിന്റെ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചു കാണുന്നുള്ളു. ആ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതും എന്നാൽ ഉൾക്കൊള്ളിക്കണമെന്നു എനിക്കു തോന്നുന്നതും ആയ ചില നിർദ്ദേശങ്ങൾകൂടി ഈ സന്ദർഭത്തിൽ സഭ മുമ്പാകെ ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം കയർപിരിപ്പെന്നും, പിരിപ്പിക്കലെന്നും രണ്ടുതരം ജോലി ചെയ്യുന്നവരായി ഇതിൽ ഏർപ്പെട്ടിരിക്കുന്നവരെ പരിഗണിക്കാവുന്നതാണ്. മറ്റുള്ളവരെക്കൊണ്ടു ജോലി ചെയ്യിച്ച് കയർ പിരിപ്പിച്ചെടുക്കുക. ഇങ്ങനെ ഒരു കൂട്ടർ, താനും തന്റെ കുടുംബവും ഒന്നാകെ ജോലിക്കാരായിനിന്നു അവർ തന്നെ ജോലി



# രണ്ടാം ഭാഗം

ചെയ്തു കയർപിരിച്ചെടുക്കുക. ഇങ്ങനെ മറ്റൊരുകൂട്ടർ. ഇങ്ങനെ ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്ത് ഉത്പാദകരായി ഈ രണ്ടുകൂട്ടർ മാത്രമാണുള്ളത്. ഇതിനുപുറമേ ഈ തൊഴിലിൽ വെറും കൂലിക്കാരെന്നനിലയിൽ ഏർപ്പെട്ടിരിക്കുന്ന മൂന്നാമതൊരു കൂട്ടരുമുണ്ട്. ഇങ്ങനെ ഇതിൽ ഉൾപ്പെട്ടിരിക്കുന്ന മുൻപറഞ്ഞ എല്ലാവരെയും തൊഴിലാളികൾ എന്നുതന്നെ പറയാവുന്നതാണ്. ഇവരുടെ അഭിവൃദ്ധിക്കും തൻമൂലം ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കും, ഒന്നാമതായി ഗവൺമെന്റ് ചെയ്യേണ്ടത് ഈ തൊഴിലാളി വിഭാഗത്തെമാത്രം ഉൾപ്പെടുത്തി, മുതലാളിമാരെ ആരേയും ഉൾപ്പെടുത്താതെ, പരസ്പര സഹായ സംഘങ്ങൾ ഏർപ്പെടുത്തി ആ സംഘങ്ങൾ മുഖേന ഈ വ്യവസായം പുഷ്ടിപ്പെടുത്തുകയും പുരോഗമിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്. ആ നിലയിൽ നോക്കുമ്പോൾ എന്റെ മാന്യ സ്നേഹിതൻ ഇവിടെ ഹാജരാക്കിയിരിക്കുന്ന പ്രമേയം അത്ര ശരിയായിരിക്കുന്നതല്ലെന്നു പറയേണ്ടിയിരിക്കുന്നു. പരസ്പര സഹായ സംഘത്തിന്റെ അടിസ്ഥാനത്തിൽമേൽ ഈ ജോലിക്കാരെ എല്ലാവരെയും സംഘടിപ്പിക്കേണ്ടതു വളരെ അത്യാവശ്യമാണ്. അങ്ങനെ ഇവരെ സംഘടിപ്പിക്കുന്നതിനു ഗവൺമെന്റിന് വളരെ പണച്ചെലവൊന്നും ചെയ്യേണ്ട ആവശ്യമില്ല. ഇതിലേക്ക് പ്രത്യേകം ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ട ആവശ്യവും ഉണ്ടാകുകയില്ല. പരസ്പര സഹായ സംഘത്തിന്റെ അടിസ്ഥാനത്തിൽ സംഘടിക്കുന്നവർക്കു മാത്രമേ കയർ ഉത്പാദിപ്പിക്കുവാൻ അവകാശമുള്ളൂ എന്നുള്ള ഒരു നില വരുത്തിയാൽ മാത്രം മതി, ഈ തൊഴിലാളികൾ എല്ലാവരും സ്വയമേവ സംഘടിച്ചുകൊള്ളും.


ഈ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കണമെന്നുള്ളതാണു മറ്റൊരാവശ്യം. യുദ്ധകാലത്ത് കയർപിരിയിൽ ഏർപ്പെട്ടിരുന്ന ഒരാളിന് പ്രതിദിനം 18 ചക്രംവരെ കൂലിയുണ്ടായിരുന്നു. ഇന്നു എട്ടു മുതൽ പന്ത്രണ്ടു ചക്രം വരെ ആയിത്തീർന്നിട്ടുണ്ട്. നാലഞ്ചു അംഗങ്ങളെ പുലർത്തിപ്പോരേണ്ട ഒരു കുടുംബത്തിൽ ഈ എട്ടു മുതൽ പന്ത്രണ്ടു വരെ ചക്രം മാത്രം കൂലി കിട്ടുന്ന ഒരു തൊഴിലാളിക്ക് ആ തൊഴിൽ ജീവനക്കാരന് എങ്ങനെ ഉതകുമെന്നുള്ളതു നമുക്ക് ഏറെകുറെ ഊഹിക്കാവുന്നതാണ്. അതുകൊണ്ട് കൂലി വർദ്ധിപ്പിക്കേണ്ടതു ഒരടിയന്തിരാവശ്യമായി തീർന്നിരിക്കുന്നു. കയർപ്പിരിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു തൊഴിലാളിക്ക് എന്തുകൂലി കൊടുക്കാമെന്നുള്ളതിനെപ്പറ്റി ജോലിക്കാരുടെ പ്രതിനിധികളെയും പിരിപ്പിക്കുന്നവരുടെ പ്രതിനിധികളെയും ഗവൺമെന്റ് പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു ആലോചനായോഗം കൂടി അതിൽവെച്ച് കൂലി നിർണ്ണയിച്ചു അതു ഗവൺമെന്റിനുതന്നെ നടപ്പാക്കാവുന്നതാണ്. അക്കാര്യത്തിൽ ഗവൺമെന്റ് സത്വരനടപടികൾ കൈക്കൊള്ളണമെന്നു എനിക്ക് അഭിപ്രായമുണ്ട്.

മറ്റൊരുകാര്യം മായംകലർത്തിയ കയർ വിൽക്കുന്നതും വാങ്ങുന്നതും സംബന്ധിച്ചുള്ളതാണ്. യൂണിയൻ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കയർ വ്യവസായം, നമ്മുടെ വ്യവസായങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. പ്രകൃതിതന്നെ നമ്മെ അനുഗ്രഹിച്ചിരിക്കുന്ന ഒരു വ്യവസായമാണിത്. നമ്മുടെ യൂണിയൻ സംസ്ഥാനത്തിൽ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റംവരെ കടൽത്തീരത്തോടു അനുബന്ധിച്ചു കായൽത്തീരവും കിടപ്പുണ്ട്. തൊണ്ടുഴുക്കുവാനും മേൻമയുള്ള കയർ നിർമ്മിക്കാനും പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട ഒരു രാജ്യമാണ് നമ്മുടേത്. നാളികേരകൃഷിയും തൽസംബന്ധമായ വ്യവസായങ്ങളും നമ്മുടെ രാജ്യത്തെ അപേക്ഷിച്ചു വളരെ കൂടുതൽ പുരോഗമിച്ചിട്ടുള്ള ഒരു രാജ്യമാണ് സിലോൺ. എന്നാൽ അവിടെ പ്രകൃതി നമ്മെ അനുഗ്രഹിച്ചട്ടുള്ളിടത്തോളം അനുഗ്രഹിച്ചിട്ടില്ല. അതിനാൽ അവിടുത്ത കയർ വ്യവസായത്തിന് നമ്മുടെ കയർ വ്യവസായത്തിന്റെ പ്രശസ്തി ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടില്ല. നമുക്ക് കിട്ടുന്ന നല്ലതരം ചകിരിയും ചുരുങ്ങിയ ശമ്പളത്തിൽ ജോലി ചെയ്യാൻ പ്രാപ്തിയുള്ള ജോലിക്കാരും അവർക്ക് കിട്ടുന്നില്ല. അതിനാൽ പ്രകൃതി തന്നെ നമ്മുടെ കയറുവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാനുള്ള സർവ്വസാഹചര്യങ്ങളും നമുക്ക് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തെ ദുരുപയോഗപ്പെടുത്തിക്കൊണ്ട് മായം കലർത്തി കയറുവ്യവസായത്തെ ഒന്നാകെ അധഃപ്പതിപ്പിക്കുവാൻ ചിലർ ശ്രമിച്ചുവരുന്നതായി അറിയുന്നതു നിർഭാഗ്യകരമാണ്. മണ്ണ്, ചെളി, വെള്ളം മുതലായ സാധനങ്ങൾ കലർത്തി കയറിന്റെ തൂക്കം വർദ്ധിപ്പിച്ചു കൂടുതൽ വില മേടിക്കുവാനുള്ള ശ്രമമാണിതെല്ലാം. നമ്മുടെ വ്യവസായത്തെ വളരെ അധപ്പതിപ്പിക്കുന്ന ഒരു സമ്പ്രദായമാണിത്. ഇക്കാര്യത്തിൽ കർശനമായ നടപടികളെടുത്ത് ഗവൺമെന്റ് തടയേണ്ടതാണ്. എന്നാൽ ഗവൺമെന്റ് ഇതുവരെ

ഇക്കാര്യത്തിൽ ശ്രദ്ധിച്ചിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മായംചേർത്ത് കയർ വാങ്ങുന്നതും വിൽക്കുന്നതും കുറ്റകരമാക്കി, അതിലേർപ്പെട്ടിരിക്കുന്നവരുടെ പേരിൽ തക്കസമയത്ത് കർശനമായ നടപടികൾ എടുത്തു ഈ ദുഷിച്ച സമ്പ്രദായത്തെ ഈ രാജ്യത്തു നിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിന് ഗവൺമെന്റ് മടിച്ചുകൂടാത്തതാണ്.

ഈ രാജ്യത്തെ ഏറ്റവും പ്രധാനമായ വ്യവസായത്തെ അധപ്പതിപ്പിക്കുന്ന ഈ ദുഷിച്ച സമ്പ്രദായത്തിൽ കണ്ണുമടച്ചുകൊണ്ടു ഗവൺമെന്റിന് ഇരിക്കാവുന്നതല്ല. ഇതിനെ സംബന്ധിച്ചു പല പല നിവേദനങ്ങൾ ഗവൺമെന്റിന്റെ മുമ്പാകെയും ഈ നിയമസഭയിലും വന്നിട്ടുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ച ഗവൺമെന്റ് കാര്യമായി യാതൊന്നും ചെയ്തിട്ടില്ല. ഈ പ്രശ്നത്തിന് ഏതാണ്ടു ഒരു പരിഹാരമുണ്ടാകത്തക്കവണ്ണം അടുത്തകാലത്ത് ഗവൺമെന്റ് ചെയ്തിട്ടുള്ള ഒരു കാര്യം വെയർഹൗസുകൾ ഏർപ്പെടുത്തി എന്നുള്ളതാണ്. അതുകൊണ്ട് ഇതിനു ഏതാണ്ടൊക്കെ പരിഹാരം ഉണ്ടാകുമെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു. ആ ആക്ട് നടപ്പിലാക്കിയതിനുശേഷം വെയർഹൗസുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി ഏതാനും ചില ഉദ്യോഗസ്ഥൻമാരെ നിയമിച്ചു. എന്നാൽ പിന്നീടൊന്നും ഉണ്ടായില്ല. അങ്ങനെ അതിപ്രധാനമായ ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഉണ്ടാക്കിവച്ച ആ നിയമം പാലിച്ചുകൊണ്ടു പോകുന്നതിനും ജനങ്ങൾക്ക് അതു ഗുണകരമാക്കിത്തീർക്കുന്നതിനും ഗവൺമെന്റ് അത്ര കാര്യമായി പിന്നീട് ശ്രദ്ധിച്ചില്ല. ഒടുവിൽ ഈ വെയർഹൗസ് ആക്ട് ശരിയാംവണ്ണം നടപ്പാക്കുകയും ആ നിയമത്തിനു വല്ല കുറവുമുണ്ടെങ്കിൽ അതു പരിഹാരക്കത്തക്കവണ്ണം നിയമത്തിനുതന്നെ ഭേദഗതികൾ വരുത്തുകയും ചെയ്ത് ആ നിയമം ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാക്കിത്തീർക്കേണ്ടതും അത്യാവശ്യമാണ്.

ഈ രാജ്യത്തെ കയർ വ്യവസായം അടക്കി കൈവശം വെച്ചുകൊണ്ടിരിക്കുന്നതു പ്രധാനമായി ഇവിടുത്തെ യുറോപ്യൻ കമ്പനിക്കാരും അതുകഴിഞ്ഞാൽ ബോംബെയിൽ നിന്നും മറ്റും വന്നിട്ടുള്ള വൻകിട മുതലാളിമാരായ സേട്ടുമാരും ആണ്. ഈ രണ്ടുകൂട്ടരാണ് ഈ വ്യവസായത്തെ ഇപ്പോൾ അടക്കിഭരിക്കുന്നത്. എന്നാൽ ഇതിനിടയ്ക്ക് ചില ചെറിയ നാടൻ കമ്പനിക്കാരും ഈ വ്യവസായത്തിൽ മുമ്പ് ഏർപ്പെട്ടിരുന്നു. അവർക്കു നിരവധി ക്ലേശങ്ങളും പ്രതിബന്ധങ്ങളും പ്രതികൂലമായി സാഹചര്യങ്ങളും നേരിടേണ്ടിവന്നതിനാൽ ഈ നാടൻ കമ്പനിക്കാരും വളരെ അധപ്പതിക്കയും നശിക്കുകയും ചെയ്തു. മുമ്പ് കയറ്റു പായനെയ്ത്ത് മുഴുവൻ ഈ വൻകിട കമ്പനിക്കാരുടെ മൊണോപ്പൊളിയായിരുന്നു. എന്നാൽ പിന്നീട് നാട്ടുകാർ അതു ഏറ്റെടുത്തു. ചിറയിൻകീഴ് താലൂക്കിനെ മാത്രം പറ്റി പറയുകയാണെങ്കിൽ കയറ്റുപായും തടുക്കും നെയ്യുന്നതിൽമാത്രം ഏർപ്പെട്ടിരുന്ന മുപ്പതിൽ പരം കമ്പനികൾ അവിടെയുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, അവിടെ ഒരു കമ്പനിപോലും ഈ തൊഴിൽ ചെയ്യുന്നില്ല. എല്ലാ കമ്പനികളും അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ ചെറിയ കമ്പനിക്കാരെകൂട്ടി പ്രോത്സാഹിപ്പിക്കേണ്ട ചുമതല ഗവൺമെന്റിനുണ്ട്. ഇവർ ഈ തൊഴിൽ നടത്തിക്കൊണ്ടു പോകണമെങ്കിൽ ഗവൺമെന്റ് പണംകൊടുത്തു അവരെ സഹായിക്കണം.



കമ്പനിക്കാർ-ഈ നാടൻകമ്പനിക്കാർ-ഉണ്ടാക്കുന്ന പായും തടുക്കും ആലപ്പുഴ കൊണ്ടുപോയി വിൽക്കേണ്ടത് ഈ വൻകിട മുതലാളിമാർക്കാണ്. മിക്കവാറും യൂറോപ്യൻ കമ്പനിക്കാർ നിശ്ചയിക്കുന്ന വിലയ്ക്കുതന്നെ ഇവർ നിർമ്മിക്കുന്ന സാധനങ്ങൾ വിൽക്കേണ്ടതായിവരുന്നു. ചെറിയ കച്ചവടക്കാർ, വൻകിട മുതലാളിമാർ പറയുന്ന വിലയ്ക്ക് സാമാനങ്ങൾ കൊടുക്കുവാൻ നിർബ്ബന്ധിതരായിത്തീരുന്ന ഒരു പരിതസ്ഥിതിയാണ് ഇപ്പോൾ ഇവിടെയുള്ളത്. ഇങ്ങനെയുള്ള ഒരു പരിതസ്ഥിതി നിലനിൽക്കുന്നിടത്തോളം കാലം കയർ വ്യവസായം പോലെയുള്ള ഒരു വ്യവസായം അഭിവൃദ്ധിപ്പെട്ടു വരുവാൻ വളരെ പ്രയാസമുണ്ട്. അതുകൊണ്ടു ചെറിയ കച്ചവടക്കാർ ആലപ്പുഴ കൊണ്ടുചെല്ലുന്ന സാധനങ്ങൾക്കു ശരിയായ വില കിട്ടത്തക്കവണ്ണം ഗവൺമെന്റ് അവരെ സഹായിക്കണം. എന്തുപറഞ്ഞാലും ഗവൺമെന്റിനു പണമില്ല, എന്ന സമാധാനമാണുള്ളത്. ഈ സമാധാനം എത്രനാൾ പറയാൻ കഴിയും? ഈ കയർ വിൽപ്പനക്കാരിൽ നിന്നുതന്നെ ഗവൺമെന്റ് വിൽപന നികുതി ഈടാക്കുന്നുണ്ട്. ഈ രാജ്യത്തെ സാമാന്യ തൊഴിലാളികളെയും ദരിദ്രരുടെ കുടുംബങ്ങളെയും സാരമായി ബാധിക്കുന്ന ഈ വ്യവസായത്തെ പരിഗണിച്ചു ഇവരിൽ നിന്നും യാതൊരു വിൽപന നികുതിയും ഈടാക്കാവുന്നതല്ലെന്നാണ് എന്റെ അഭിപ്രായം. എങ്കിലും ഗവൺമെന്റ് ഇവരിൽ നിന്നും വിൽപ്പന നികുതി ഈടാക്കിവരുന്നു. അതിൽനിന്നും ഗവൺമെന്റിന് കിട്ടുന്ന ആദായം പോലും എടുത്തു ഇവരുടെയും ഈ വ്യവസായത്തിന്റെയും അഭിവൃദ്ധിയ്ക്കുവേണ്ടി ചെലവാക്കുവാൻ ഗവൺമെന്റ് തയാറില്ല. ഏതായാലും ബാങ്കുകാരെ ചുമതലപ്പെടുത്തിയോ, മറ്റേതെങ്കിലും തരത്തിലോ



ആവശ്യമുള്ള പണമുണ്ടാക്കി കയറിനു ശരിയായ വില കിട്ടത്തക്കവണ്ണം വേണ്ട നടപടികൾ ഗവൺമെന്റ് ചെയ്യേണ്ടതാണ്. പണമില്ല എന്ന സമാധാനം ഈ കാര്യത്തിനെങ്കിലും ഗവൺമെന്റ് പറയാതിരിക്കണം.

കയറിനു വിലയുള്ള ഒരുകാലമാണിത്. എന്നാൽ ചകിരി വേണ്ടിടത്തോളം കിട്ടുന്നില്ല. നമ്മുടെ രാജ്യത്തുണ്ടാകുന്ന തൊണ്ടിന്റെ പകുതിഭാഗംപോലും അഴുക്കാൻ കിട്ടുന്നില്ല. ഉൾനാടുകളിൽ നിന്നു കിട്ടുന്ന തൊണ്ട് കായൽത്തീരങ്ങളിൽ കൊണ്ടുവരുന്നതിനു അമിതമായ കൂലി കൊടുക്കേണ്ടിയിരുക്കുന്നു. കുറഞ്ഞ കൂലിച്ചെലവിൽ തൊണ്ട് അഴുക്കിലിടുവാൻ കായൽത്തീരങ്ങളിൽ തൊണ്ടു എത്തിക്കത്തക്ക യാതൊരു വ്യവസ്ഥകളും ഇന്നു നമുക്കില്ല. അതിനുള്ള ഏതെങ്കിലും ഏർപ്പാടുകളും പദ്ധതികളോ ഉണ്ടാക്കിയിട്ടുമില്ല. അക്കാര്യത്തിൽ കൂടി ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്.

ഇതിനെല്ലാം ഉപരിയായി വളരെ വിഷമമായിട്ടുള്ളതാണ് തൊണ്ടു അഴുക്കിലിടുക എന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മുതലാളിമാരുടെ കാര്യം, കയർപിരിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി വിഭാഗത്തിനു രണ്ടു വിലങ്ങുതടികളാണുള്ളത്. ഒന്ന് അങ്ങേയറ്റത്തുള്ള യുറോപ്യൻ കമ്പനിക്കാർ, മറ്റേതു, ഇങ്ങേയറ്റത്തുള്ള തൊണ്ടഴുക്കിലിടുന്ന മുതലാളിമാർ. നൂറു തൊണ്ടിനു ഏകദേശം അഞ്ചുരൂപാ വിലവരുമെങ്കിൽ അതുവാങ്ങി കൊണ്ടുവന്ന് അഴുക്കി അൻപതു രൂപയ്ക്കാണ് ഈ മുതലാളിമാർ വിൽക്കുന്നത്. ഇങ്ങനെ അഴുകിയ തൊണ്ടിന്റെ അമിതമായ വിലക്കൂടുതൽ നിമിത്തം കയറുപിരിക്കുന്ന ഇടത്തരക്കാരായ വ്യവസായികൾക്കു പറയത്തക്ക ആദായം ലഭിക്കാതെ പോകുന്നു. അതിന്റെ അനുഭവമെല്ലാം ഈ മുതലാളിമാർക്കും ലഭിക്കുന്നു. അതുകൊണ്ടു തൊണ്ടിന്റെ വില കൺട്രോൾ ചെയ്യേണ്ടത് ഈ ഗവൺമെന്റിന്റെ ഒരു ചുമതലയാണ്. ആ ചുമതലയും ഗവൺമെന്റ് ഇതുവരെ നിർവഹിച്ചിട്ടില്ല.

ഇത് ഇന്നും ഇന്നലേയും ഉണ്ടായിട്ടുള്ള ഒരു സംഗതിയല്ല. വളരെക്കാലത്തിനുമുമ്പേ ഇതിനെസംബന്ധിച്ച് ഗവൺമെന്റിന്റെ മുമ്പിൽ പരാതികൾ വന്നിട്ടുണ്ട്. അങ്ങനെ വളരെക്കാലമായി പരാതികൾ ഉണ്ടായിരുന്നിട്ടും ഗവൺമെന്റ് എന്തുകൊണ്ട് തൊണ്ടിൻമേൽ കൺട്രോൾ ഏർപ്പെടുത്തിയില്ല എന്നു ചോദിക്കേണ്ടിയിരിക്കുന്നു. കൺട്രോൾ ഏർപ്പെടുത്തുകയാണെങ്കിൽ കയറുപിരിപ്പുകാരായ തൊഴിലാളികളുടെ നിലയും ഇടത്തരക്കാരായ കയറുവ്യവസായികളുടെ നിലയും ഒരേസമയം അഭിവൃദ്ധിപ്പെടുന്നതാണ്. അതുകൊണ്ട് ഇക്കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

മറ്റൊരുകാര്യം എനിക്കു പറയുവാനുള്ളത് കയറുവ്യവസായം പരിപൂർണമായി സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റിയാണ്. സഹകരണാടിസ്ഥാനത്തിൽ കയറുവ്യവസായികൾ സംഘടിപ്പിക്കുകയാണെങ്കിൽ അവരുടെ വകയായിത്തന്നെ ഗോഡൗൺ ഉണ്ടാക്കുന്നതിന് അവർക്ക് സാധിക്കും. ആ ഗോഡൗണിൽ ചരക്കുകൾ ശരിയായി സൂക്ഷിക്കുന്നതിനും, നല്ല വിലയ്ക്ക് വിൽക്കുന്നതിനും സാധിക്കുന്നതാണ്. അതുകൊണ്ടാണ് സഹകരണാടിസ്ഥാനത്തിൽ കൂടിയും മറ്റു പ്രകാരത്തിലും ഈ വ്യവസായത്തെ പുരോഗമിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ട എല്ലാ നടപടികളും ഗവൺമെന്റ് കൈക്കൊള്ളേണ്ടതാണെന്ന് അപേക്ഷിച്ചുകൊണ്ടും ഈ പ്രമേയവും അതിൽ അടങ്ങിയിരിക്കുന്ന തത്വവും സഭ സ്വീകരിക്കേണ്ടതാണെന്നു അഭ്യർത്ഥിക്കുന്നു.

### പി. കുഞ്ഞുകൃഷ്ണൻ

ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തോട് ഞാൻ യോജിക്കുന്നു. എന്നാൽ കയറുപിരിക്കുന്ന ഇടത്തരക്കാരെ മാത്രം ഉൾപ്പെടുത്തിയുള്ള സഹകരണസംഘങ്ങൾ നടപ്പാക്കുന്നതോടുകൂടിത്തന്നെ അതുകൊണ്ട് ഉപജീവനം കഴിച്ചുപോരുന്ന തൊഴിലാളികളെയുംകൂടി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ നില അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

ഈ പ്രശ്നത്തിന്റെ ഒരുവശത്തേക്കുറിച്ചു മാത്രമേ ഞാൻ പറയണമെന്നുദ്ദേശിക്കുന്നുള്ളൂ. അതായത് വളരെ അധഃപതിച്ച നിലയിലിരിക്കുന്ന കയറുവ്യവസായത്തെ ഉയർത്തിക്കോണ്ടുവരേണ്ടത് ഏറ്റവും അടിയന്തിരവും സത്വരവുമായ ആവശ്യകതയാണെന്നു ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തുക എന്നുള്ളതാണ് എന്റെ ഉദ്ദേശം. കയറുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സ്ഥിതിവിവരക്കണക്കുകൾ ഗവൺമെന്റിൽ നിന്നും സംഭരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. ഏതാണ്ട് അഞ്ചുലക്ഷത്തോളം ആളുകൾ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യവസായമാണ് കയർ വ്യവസായം. ഏതാണ്ട് അത്രയും ആളുകൾതന്നെ മറ്റുപ്രകാരത്തിൽ ഈ വ്യവസായത്തോടു ബന്ധപ്പെട്ടിരിക്കയും അതുകൊണ്ടു ഉപജീവിച്ചു പോരുകയും ചെയ്യുന്നുണ്ട്. 10 കോടി രൂപയോളം ഈ വ്യവസായത്തിൽ നിന്നും ഈ സംസ്ഥാനത്തിലേക്ക് വരവുണ്ടാകുന്നുമുണ്ട്. അങ്ങനെയുള്ള ഈ



വ്യവസായം കടലോര പ്രദേശങ്ങളിലാണ് കേന്ദ്രീകൃതമായിരിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കടലോര പ്രദേശങ്ങൾ ജനങ്ങൾ അത്യധികം തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളാണ്. അവിടങ്ങളിലെ ജനങ്ങൾക്ക് മറ്റുപജീവനമാർഗ്ഗങ്ങൾ വലുതായിട്ടൊന്നുമില്ല. കൃഷി മിക്കവാറും ആ പ്രദേശങ്ങളിൽ ഇല്ല തന്നെ. സ്ത്രീകളും ഈ വ്യവസായത്തിൽ ധാരാളമായി ഏർപ്പെട്ടിരിക്കുന്നുണ്ട്. ഇങ്ങനെ പലതുകൊണ്ടും വളരെ പ്രാധാന്യമർഹിക്കുന്ന ഈ വ്യവസായം മിക്കവാറും നമ്മുടെ രാജ്യത്തിന്റെ ഒരു കുത്തകയാണെന്നു പറയാവുന്നതാണ്. നമ്മുടെ രാജ്യത്തെ കൈത്തൊഴിലുകളെ എടുത്തുനോക്കിയാലും ഇത്ര പ്രാധാന്യമുള്ള മറ്റൊരു തൊഴിൽ ഇല്ലെന്ന് ആരും സമ്മതിക്കുന്നതാണ്. എന്നാൽ അതേ അവസരത്തിൽ ഇവിടെ പറഞ്ഞുകഴിഞ്ഞ പല കാരണങ്ങൾക്കൊണ്ടും, അതായത് തൊണ്ടഴുക്കൽക്കാരുടെ മത്സരം, ആലപ്പുഴ മുതലായ സ്ഥലങ്ങളിലെ മുതലാളിമാരുടെ ചൂഷണം, കയറിൽ മായംചേർക്കുന്ന ഏർപ്പാടു മുതലായവ കാരണം ഈ വ്യവസായം ഇപ്പോൾ വളരെ അധഃപതിച്ചിരിക്കുകയാണ്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കിട്ടുന്ന ശമ്പളം വളരെ കുറവാണെന്ന് കണക്കുകൾ ഉദ്ധരിച്ച് എന്റെ മാന്യ സ്നേഹിതൻമാർ ഇവിടെ പറഞ്ഞുകഴിഞ്ഞു. കടലോര പ്രദേശങ്ങളിൽ സ്ത്രീകൾ കൈക്കൊണ്ട് കയറുപിരിക്കുന്നതിനു പുറമേ കയർ വ്യവസായ ശാലകളിലും അവർ ആയിരക്കണക്കിന് ജോലി ചെയ്തുവരുന്നുണ്ട്. ഈ സംഗതികൾ എല്ലാം വച്ചുകൊണ്ടു നോക്കുമ്പോൾ ഈ വ്യവസായത്തെ അതിന്റെ ഇന്നത്തെ അധഃപതിച്ച നിലയിൽ നിന്നു പുനരുദ്ധരിക്കേണ്ടത് ഈ രാജ്യത്തിന്റെ സാമ്പത്തിക നില സുരക്ഷിതമാക്കുന്നതിനു തന്നെ ഏറ്റവും അത്യാവശ്യമാണെന്നു കാണാൻ കഴിയും.

ഇപ്പോൾ നമുക്ക് ഒരു സാമ്പത്തിക അധഃപതനത്തെത്തന്നെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു എന്നു വേണം പറയാൻ. ജീവിത ചെലവ് വളരെ വർദ്ധിച്ചും തൊഴിലില്ലാതെയായും രാജ്യത്തെ ജനങ്ങൾ ഇപ്പോൾ വളരെ വിഷമിക്കയാണ് ചെയ്യുന്നത്. ഈ ദുസ്ഥിതിയെ പരിഹരിക്കുന്നതിനു നാം അടിയന്തിരമായി ശ്രമങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ജനങ്ങൾ പല തരത്തിൽ വിഷമതകളനുഭവിക്കുമ്പോൾ, പ്രത്യേകിച്ചും കൂടുതൽ ജനസംഖ്യയുള്ള സ്ഥലങ്ങളിൽ, ജനങ്ങൾ അക്ഷമരായി ചിലപ്പോൾ നിയമത്തേയും സമാധാനത്തേയും ഭഞ്ജിക്കുന്ന പ്രവർത്തനങ്ങളിൽപ്പോലും ഏർപ്പെടാൻ ഇടയാകുന്നതു സ്വാഭാവികമാണ്. അതേയവസരത്തിൽ നമ്മുടെ ചുറ്റുപാടും അലയടിക്കുന്ന അഭിപ്രായഗതികളേയും നാം ശരിയായി വീക്ഷിക്കേണ്ടതുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ നിലനിൽപ്പിനും ഈ രാജ്യത്തു നിയമവും സമാധാനവും നിലനിറുത്തിക്കൊണ്ടുപോകുന്നതിനു തന്നേയും ഈ പ്രശ്നത്തെ നാം സത്വരം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു.

പണമില്ലെന്നുള്ള വാദം ഈ സംഗതിയെ സംബന്ധിച്ച് ഗവൺമെന്റിനെ അലട്ടാൻ പാടില്ല. സാമ്പത്തികാധപതനം മൂലമുണ്ടായിട്ടുള്ള തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന് ഗവൺമെന്റ് എട്ടും പത്തും ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതായി അറിയാം. ഈ രാജ്യത്തെ ഏറ്റവും വലിയ കുടിൽ വ്യവസായമായ കയർ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു പണമുണ്ടായേ തീരൂ. ഇന്ത്യ ഗവൺമെന്റിനെ സമീപിച്ച ഈ സംഗതിക്കുവേണ്ടി നമുക്ക് പണം ലോണായി എടുക്കാവുന്നതാണ്. പ്രത്യേകം സെസ്സ് ഏർപ്പെടുത്തിയും ഈ പ്രശ്നത്തെ അഭിമുഖീകരിക്കാവുന്നതാണ്. അതിനാൽ ഇന്നത്തെ ഏററവും അടിയന്തിര പ്രശ്നമായി ഇതിനെ അഭിമുഖീകരിച്ച് ഏകദേശം മുപ്പതു ലക്ഷത്തോളം രൂപ മുടക്കി ഒരഞ്ചു കൊല്ലം കൊണ്ട് പൂർത്തിയാകത്തക്കവിധത്തിലുള്ള സ്കീമോടുകൂടി ഇതിനുള്ള നടപടികൾ ഉടനടി തുടങ്ങണമെന്നാണ് എനിക്ക് ഗവൺമെന്റിനെ അറിയിക്കുവാനുള്ളത്. ആദ്യമേ തന്നെ ഈ മുപ്പതുലക്ഷം രൂപ മുടക്കാൻ സാധ്യമല്ലെങ്കിൽ ആദ്യത്തെ കൊല്ലത്തിൽ ഒരു നാലഞ്ചുലക്ഷം രൂപയെങ്കിലും മുടക്കി അങ്ങനെ ക്രമേണ അഞ്ചുകൊല്ലം കൊണ്ട് കംപ്ലീറ്റ് ചെയ്യത്തക്ക വിധം ഒരു പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്ത് ഇതിനു സത്വരനടപടിയെടുക്കണം.

**മങ്കുഴി മാധവൻ**

ഞാൻ ഈ പ്രമേയത്തെപ്പറ്റി സംസാരിക്കുവാൻ ആഗ്രഹിക്കുന്നു. കയറും കയറ്റുസാമാനങ്ങളും വിദേശങ്ങളിലേക്ക് കയറ്റി അയച്ച ഉദ്ദേശം പത്തുകോടി രൂപയോളം ഡോളറും സ്റ്റെർലിങ്ങും ഇന്ത്യയ്ക്കു ലഭിക്കുന്നുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇതു ഒരു നല്ല നാഷണൽ വെൽത്ത് ആണ്. ഉദ്ദേശം നാലു ലക്ഷത്തോളം തൊഴിലാളികൾ ഈ സംസ്ഥാനത്ത് കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. അവരുടെ ജീവിതാവശ്യത്തിനു മതിയായ കൂലിയും മറ്റുസൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനു ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കയറും കയറ്റുസാമാനങ്ങളും വിദേശവിപണികളിൽ ആദായകരമായ വിലയ്ക്ക് വിൽക്കുന്നതിനു ഇപ്പോഴത്തെ പരിതസ്ഥിയിൽ ഗവൺമെന്റ് സഹായം അത്യാന്താപേക്ഷിതമാണ്.

കയറിനു ന്യായമായ വില കിട്ടുമ്പോഴും ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ശരിയായ കൂലി കിട്ടുന്നില്ല. കയറിന്റെ വില കൂടുമ്പോൾ അതിന്റെ ആദായത്തിൽ ഭൂരിഭാഗവും തൊണ്ടിന്റെ വിലയായി കൊടുത്തുവരുകയാണ്. ചീഞ്ഞ തൊണ്ടിന്റെ വില വർദ്ധിക്കുന്നതനുസരിച്ച് പച്ചത്തൊണ്ടിനു വില കൂട്ടിവാങ്ങുകയാണ് ചെയ്യുന്നത്. അതുകൊണ്ട് കയറിന്റെ വില കൂടുന്നതുകൊണ്ടുള്ള ആദായം കൂടുതൽ ലഭിക്കുന്നത് തേങ്ങായുടമസ്ഥനായ ജൻമിക്കാണ്.

ഇപ്പോൾ അഴുകൽ തൊണ്ടിന് ആയിരത്തിന് അറുപത്തഞ്ചു രൂപ വിലയുള്ള സ്ഥലത്ത് പച്ചത്തൊണ്ടിന് അമ്പതു മുതൽ അമ്പത്തഞ്ചു രൂപ വരെ വിലയുണ്ടെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. ഈ നിലയ്ക്ക് വ്യത്യാസം വരുത്തേണ്ടതാണ്. പച്ചത്തൊണ്ടു വാങ്ങുന്നവർ തമ്മിൽ ആവശ്യമില്ലാതെ മത്സരിക്കുന്നതുകൊണ്ടാണ് കൂടുതൽ വില കൊടുത്തു പച്ചത്തൊണ്ട് വാങ്ങേണ്ടിവരുന്നത്. ഗവൺമെന്റിൽ നിന്നും തൊണ്ടു വില നിയന്ത്രിക്കത്തക്കവിധത്തിൽ തൊണ്ടിന്റെ സംഭരണവും വിതരണവും രജിസ്റ്റർ ചെയ്ത സംഘടനയുടെ ചുമതലയിൽ കൊണ്ടുവരേണ്ടതാണ്.

കയർ വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിമാർ പ്രസ്താവിക്കാറുണ്ട്. എന്നാൽ അതിന്റെ ശരിയായ വിവരങ്ങൾ ഗവൺമെന്റിൽ നിന്നും പരസ്യം ചെയ്തിട്ടില്ല. ശരിയായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചും, സഹകരണപ്രസ്ഥാനത്തെപ്പറ്റിയും, ഈ വ്യവസായത്തെപ്പറ്റിയും വിദഗ്ദാഭിപ്രായം ആരാഞ്ഞു വേണം ഇതിനെസംബന്ധിച്ചു അവസാനതീരുമാനമെടുത്തേണ്ടതെന്നു ഗവൺമെന്റിനെ ഉത്ബോധിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

കയർ ഉത്പാദിപ്പിക്കുന്ന തൊഴിലാളികളെയാണ് ഗവൺമെന്റിൽ നിന്നും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ പോകുന്നതെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. അങ്ങനെയാണെങ്കിൽ അവർക്ക് വേണ്ട ധനസഹായം ചെയ്യുവാൻ ഗവൺമെന്റ് സന്നദ്ധമാണെന്നും ഗവൺമെന്റ് വക്താക്കളായ ബഹുമാനപ്പെട്ട മന്ത്രിമാർ ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ട്. ഇതിനെപ്പറ്റി ശരിയായി മനസ്സിലാക്കിയിട്ടുള്ള അവർ ശരിയായി ആലോചിച്ച ശേഷമാണ് ഈ വാഗ്ദാനം നടത്തുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ആണ്ടുതോറും പത്തു കോടി രൂപാ വിലക്കുള്ള കയർ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. സാമാന്യമായി നോക്കിയാൽ അതിനു കുറഞ്ഞതു അഞ്ചു കോടി രൂപ വിലയ്ക്കുള്ള തൊണ്ട് ആവശ്യമാണ്. ഉത്പാദകരെ സഹായിക്കേണ്ടത് ചീഞ്ഞ തൊണ്ട് ന്യായമായ വിലയ്ക്ക് അവർക്ക് കൊടുത്തായിരിക്കണം ഗവൺമെന്റിൽ നിന്നും കയർ ഉത്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ അവരെ സഹായിക്കുവാൻ എന്തു തുക ചെലവാക്കാൻ കഴിയുമെന്നു ഏകദേശമെങ്കിലും അറിയേണ്ടിയിരിക്കുന്നു. ചീഞ്ഞ തൊണ്ടിന്റെ വില നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. ഗവൺമെന്റിന്റെ അധികാരം വിനിയോഗിച്ച് തൊണ്ടു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ സംഘടന രജിസ്റ്റർ ചെയ്യണമെന്നു നിർബന്ധിക്കുകയും ആ വിധത്തിൽ തൊണ്ടിന്റെ വില നിയന്തിക്കുകയും ചെയ്യുന്നതു പ്രായോഗികമായിരിക്കുമോ എന്ന് അന്വേഷിക്കേണ്ടതാണ്.

കയർ വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഗവൺമെന്റിൽ നിന്നും തീരുമാനിച്ചുവെന്ന വാർത്ത വളരെ സന്തോഷത്തോടുകൂടിയാണ് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വാഗതം ചെയ്യുന്നത്. എന്നാൽ ഗവൺമെന്റ് കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം നാളുവരെ അവലംബിച്ചിട്ടുള്ള നില അവരിൽ പല ആശങ്കകളും ഉള്ളവാക്കുന്നുണ്ട്. അതിനു അവർ പല കാരണങ്ങളും പറയുന്നുണ്ട്.

(-) കയർസർവ്വേ, (-) സെയിൽസ്ടാക്സ്, (-) വെയർഹൗസ് ആക്ട്

കയറിനെപ്പറ്റി പൂർണവിവരങ്ങൾ ശേഖരിക്കുന്നതിനു ഒരു സർവേ ഏർപ്പെടുത്തി സ്ഥിതി വിവരകണക്കുകൾ മുഴുവൻ ശേഖരിച്ചു. പക്ഷേ ഒരു വർഷത്തിൽ കൂടുതലായിട്ടും അതിന്റെ ഫിഗേഴ്സ് അനാലിസിസ് ചെയ്ത ഒരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

കയർ സെയിൽസ് ടാക്സിൽ നിന്നും ഒഴിവാക്കണമെന്നു ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അപേക്ഷിച്ചു. അവരുടെ നിരന്തരശ്രമത്തിന്റെ ഫലമായി രണ്ടു പോയിന്റിൽ മാത്രം നികുതി കൊടുത്താൽ മതിയെന്നു ഗവൺമെന്റ് ദയവായി സമ്മതിച്ചു. എന്നാൽ കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ എല്ലാവരും, രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധിക്കുന്നു. രജിസ്റ്റർ ചെയ്യുന്നവർ എല്ലാപേരും റിട്ടേൺസ് അയക്കാൻ നിർബന്ധിതരാണ്. റിട്ടേൺസ് അയയ്ക്കുന്നവർ എല്ലാം നികുതി കൊടുക്കുകയും വേണം. നികുതി കൊടുക്കേണ്ട രണ്ട് പോയിന്റുകൾ ഏതാണെന്ന് ആർക്കും നിശ്ചയമില്ല. വിൽപന നികുതി പിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്കും നിശ്ചയമില്ല. ഈ പോയിന്റുകൾ ഏതാണെന്ന് അധികൃതമായി അറിയുന്നതിനു ഞാൻ നിയമസഭയിൽ അയച്ച ഒരു ചോദ്യത്തിന് കിട്ടിയ മറുപടി ''നികുതി കൊടുക്കേണ്ട രണ്ടു പോയിന്റും തന്നെ'' എന്നായിരുന്നു. ഈ മാതിരിയുള്ള നില ആശാസ്യമല്ല.

***(ശേഷം 26-ാം പേജിൽ)***





*കയർഫെഡിന്റെ ഓണം പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിക്കുന്നു. പി.പി. ചിത്തരഞ്ജൻ എം.എൽ.എ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, മുൻ മന്ത്രി പി. തിലോത്തമൻ, കയർ ക്ഷേമ നിധി ബോർഡ് ചെയർമാൻ കെ.കെ.ഗണേശൻ എന്നിവർ സമീപം*

# കയർഫെഡിന്റെ ഓണം വിപണനം

**ഓ**ണത്തോടനുബന്ധിച്ച് കയർഫെഡിന്റെ രണ്ടുമാസക്കാലം നീണ്ടു നിൽക്കുന്ന ഓണം പദ്ധതികളുടെ ഔപചാരിക ഉദ്ഘാടനം സംസ്ഥാന വ്യവസായ, നിയമം, കയർ മന്ത്രി പി. രാജീവ് നിർവഹിച്ചു. കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആലപ്പുഴ എം.എൽ.എ പി.പി. ചിത്തരഞ്ജൻ, മുൻ മന്ത്രി പി. തിലോത്തമൻ, കയർ വികസന വകുപ്പ് ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, കയർ ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ എന്നിവർ പങ്കെടുത്തു.

കയർഫെഡിന്റെ കേരളത്തിനകത്തുള്ള ഷോറൂമുകൾ, ഏജൻസികൾ, എക്സിബിഷനുകൾ, പോലീസ് ക്യാന്റീനുകൾ തുടങ്ങിയ വിപണന ശൃംഖല വഴി ആഗസ്റ്റ് രണ്ട് മുതൽ സെപ്റ്റംബർ 30 വരെയാണ് ഈ പദ്ധതികൾ നടപ്പിലാകുന്നത്. കയർഫെഡിന്റെ സ്വന്തം മെത്ത നിർമ്മാണ ഫാക്ടറിയിൽ ഉയർന്ന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിക്കുന്ന മെത്തകൾക്ക് 20 മുതൽ 50 ശതമാനം വരെ ഡിസ്ക്കൗണ്ടും, മെത്തയോടൊപ്പം റോൾ മാട്രസ്, പി.വി.സി മാറ്റ്, പില്ലോ എന്നിവ സൗജന്യമായും നിശ്ചിത രൂപയ്ക്ക് മുകളിൽ ഉത്പന്നങ്ങൾ വാങ്ങുന്നവർക്ക് അവ സൗജന്യമായി വീട്ടിൽ എത്തിച്ചും നൽകുന്നുണ്ട്.

കയർ ഉത്പന്നങ്ങൾക്ക് 15 മുതൽ 25 ശതമാനം ഡിസ്ക്കൗണ്ട് ആണ് നൽകുന്നത്. സർക്കാർ, അർദ്ധ സർക്കാർ, കയർ മേഖല, സഹകരണ മേഖല എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർഫെഡ് മെത്തകൾക്ക് 35% ഡിസ്ക്കൗണ്ട് നൽകുന്ന പ്രത്യേക പദ്ധതിയും കൂടാതെ സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്ക് പലിശ രഹിത തവണ വ്യവസ്ഥയിൽ ഉത്പന്നങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. ഓരോ ഉപഭോക്താവിനും അവരവരുടെ താത്പര്യ പ്രകാരമുള്ള മെത്തകളും നിർമ്മിച്ച് നൽകുന്നുണ്ട്.



*കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കയർതൊഴിലാളി വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ ഓണക്കോടി സമ്മാനിക്കുന്നു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി.എം. ഷാജി സമീപം.*



# വി.ആർ. വിനോദ് ഐ.എ.എസ് എൻ.സി.ആർ.എം.ഐ. ഡയറക്ടർ

**ക**യർ വികസന വകുപ്പിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിട്യൂട്ടിന്റെ (NCRMI) ഡയറക്ടറായി വി.ആർ. വിനോദ് ഐ.എ.എസ്. ചുമതലയേറ്റു.

കയർ മേഖലക്ക് സമാനമായ ഒരു ഗവേഷണ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ കീഴിൽ കയർ ബോർഡിനു മാത്രമാണ് നിലവിൽ ഉള്ളത്. മൈക്രോ ബയോളജി, കെമിക്കൽ ജിയോ – ടെക്നിക്കൽ ലാബുകളും മെഷീൻഷോപ്പും കയർ വികസന വകുപ്പിന്റെ കീഴിലുള്ള എൻ.സി.ആർ.എം.ഐ വികസിപ്പിച്ച 'ട്രൈകോഡർമ്മ ' എന്ന ബാക്ടീരിയ കയർ പിത്ത് കമ്പോസ്റ്റ് ഉത്പാദിപ്പിക്കുന്നതിന് ഉപയോഗിച്ചുവരുന്നു.

ഖരമാലിന്യ സംസ്കരണത്തിന് ഒരു 'ഇനോക്കുലം എൻ.സി.ആർ.എം.ഐ വികസപ്പിച്ചിട്ടുണ്ട്. കയർഫെഡിന് 1 കോടി രൂപയുടെ ഖരമാലിന്യ സംസ്കരണ സംവിധാനം ഉറവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള ഓർഡർ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഇനാക്കുലം ലഭ്യമാക്കുന്നത് എൻ.സി.ആർ.എം.ഐ എന്ന സ്ഥാപനമാണ്.

സയന്റിസ്റ്റുകളും ടെക്നീഷ്യൻമാരും മിനിസ്റ്റീരിയൽ ജീവനക്കാരും ഉൾപെടെ 40 ഓളം ജീവനക്കാർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു.

കയർ രണ്ടാം പുനസംഘടന കയർ മേഖലയിൽ ഒരു ഗവേഷണ അജണ്ട മുന്നോട്ടു വച്ചിട്ടുണ്ട്. കയർ വികസന വകുപ്പ് നടപ്പാക്കുന്ന ഈ പദ്ധതി കേരളത്തിന്റെ കയർ വ്യവസായ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്.



# കേരം തിങ്ങും കേരളഭാഷ



പി.വി. വേണുഗോപാൽ

**കേ**രളമെന്ന പേര് തന്നെ രൂപപ്പെട്ടത് കേരം അഥവാ തെങ്ങിൽ നിന്നാണെന്ന് ഒരു വിഭാഗം പണ്ഡിതർ വാദിക്കുന്നു. അതെന്തായാലും മലയാളി ജിവതത്തെ ഈ വൃക്ഷത്തെപ്പോലെ സ്വാധിനിച്ച മറ്റൊന്നില്ല എന്നത് നിസംശയമാണ്. ഉപജീവനമാർഗങ്ങളിൽ, ആചാരങ്ങളിൽ, അനുഷ്ഠാനങ്ങളിൽ, ഭാഷയിൽ, സാഹിത്യത്തിൽ, ചലച്ചിത്രത്തിൽ എന്നുവേണ്ട മലയാളിയുടെ സമസ്ത ജീവിതത്തിലും തെങ്ങിന്റേയോ അതിന്റെ അനുബന്ധങ്ങളുടെയോ സ്പർശമുണ്ട്. പേര് ആയി, പ്രമേയമായി, പശ്ചാത്തലമായി നിരവധി മലയാള കൃതികളിലും സിനിമകളിലും മറ്റും അവ നിറഞ്ഞു നിൽക്കുന്നുണ്ട്. മാത്രമല്ല മലയാള ഭാഷക്ക് ഒട്ടേറെ പദങ്ങളും നമ്മുടെ കൽപ്പവൃക്ഷം സംഭാവന ചെയ്തിട്ടുണ്ട്. ഒറ്റ ഇരുപ്പിൽ ഓർമ്മയിൽക്കിട്ടിയ അത്തരം ചില സംഗതികൾ പങ്കുവെക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ഇത്തരത്തിലുള്ളവ കൂടുതലായി കണ്ടെത്താനും, പങ്കുവെക്കാനും ആരെങ്കിലുമൊക്കെകൂടി തയാറായാൽ ഈ ലേഖനം സാർത്ഥകമാകും.

*''തെങ്ങുവെക്കുന്ന മാനുഷരെല്ലാരും*
*പൊങ്ങിടാതെയിരിക്കുന്നു സ്വർഗത്തിൽ''*

എന്ന് തെങ്ങിന്റെ പ്രാധാന്യം വിവരിക്കുന്നുണ്ട് കൃഷി ഗീതയിൽ. കേരളത്തിലെ കർഷകരുടെ നാട്ടറിവുകൾ രേഖപ്പെടുത്തിവയ്ക്കാനുള്ള ആദ്യകാലശ്രമങ്ങളുടെ ഫലമാണ് കൃഷിഗീതയെന്ന കൃതി. കൃഷിഗീത ആര് രചിച്ചെന്നോ ഏത് കാലഘട്ടത്തിൽ രചിച്ചെന്നോ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. രചനാ ശൈലി വച്ചുനോക്കുമ്പോൾ തുഞ്ചത്തെഴുത്തച്ഛന്റെ കാലത്തോ അതിനുശേഷമോ ആകാം ഇത് എഴുതപ്പെട്ടതെന്ന് ചിലർ പറയുന്നു. കേരളം സൃഷ്ടിച്ച പരശുരാമൻ നേരിട്ട് വിവരിക്കുന്ന രീതിയിലാണ് അജ്ഞാതനായ ഗ്രന്ഥകാരൻ കൃഷിഗീത രചിച്ചിരിക്കുന്നത്. വളരെക്കാലം വാമൊഴിയായി നിലനിന്നിരുന്നെന്നും പിന്നീട് ലിഖിതരീതി പ്രചാരത്തിൽ വന്നശേഷം ഓലയിൽ എഴുതപ്പെടുകയും അച്ചടി തുടങ്ങിയശേഷം ഗ്രന്ഥമാക്കപ്പെട്ടതുമായിരിക്കാം എന്നാണ് കരുതുന്നത്.1950ൽ വിദ്വാൻ സി. ഗോവിന്ദവാര്യർ എഡിറ്റു ചെയ്ത് 'ബുള്ളറ്റിൻ ഓഫ് ദ ഗവണ്മെന്റ് ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രേറി ഓഫ് മദ്രാസ്' ആണ് ഇത് ആദ്യമായി പ്രസിദ്ധീകരിച്ചത്.


അജ്ഞാതനായ ആദ്യ കാർഷിക ഗ്രന്ഥ രചയിതാവ് മാത്രമല്ല മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത മഹാകാവ്യമായ രാമചന്ദ്രവിലാസം എഴുതിയ അഴകത്ത് പത്മനാഭക്കുറുപ്പും തെങ്ങിനെപ്പറ്റി കവിത എഴുതിയിട്ടുണ്ട്. 'തെങ്ങ്' എന്ന പേരിൽ തെങ്ങിന്റെ ഗുണഗണങ്ങളെപ്പറ്റി എഴുതിയ ബാലകവിതയിൽ കയറിനെപ്പറ്റിയുള്ള വരികൾ നോക്കൂ..

*''തൊണ്ടഴുക്കിപ്പിരിപ്പിച്ചു*
*കൊണ്ടു നൽക്കയറാക്കിയാൽ*
*അണ്ടർകോനും കൊതിക്കുന്ന*
*പണ്ടമെല്ലാം കരസ്ഥമാം.''*

രാജാക്കന്മാരെയും വെല്ലുന്ന പ്രതാപത്തിലെത്താൻ കയറുപിരിക്കാൻ ഉദ്ബോധിപ്പിക്കുകയാണ് മഹാകവി.


തിരുനല്ലൂർ കരുണാകരൻ എഴുതിയ ദുരന്ത പ്രേമകാവ്യമാണ് റാണി. ചങ്ങമ്പുഴയുടെ രമണനുശേഷം, മലയാളത്തിൽ ഏറ്റവും വായിക്കപ്പെട്ടതും ചൊല്ലപ്പെട്ടതുമായ പ്രേമകാവ്യം എന്ന് റാണി വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്.

1955ലെ കേരള കൗമുദി ഓണപതിപ്പിലാണ് റാണി പ്രസിദ്ധീകൃതമായത്. അഷ്ടമുടിക്കായലും കായലോരത്തെ കയർ മേഖലയെ ചുറ്റിപ്പറ്റിയുള്ള ജീവിതങ്ങളുമാണ് കവി ചിത്രീകരിക്കുന്നത്. കയറുപിരിക്കുന്ന റാണിയും കയർ നിറച്ച തോണിയുമായി ആലപ്പുഴക്ക് തോണി ഊന്നുന്ന നാണുവും തമ്മിലുള്ള അനിതര സാധാരണമായ ഒരു ഗ്രാമീണ പ്രേമകഥയാണ് ഇത്. അഷ്ടമുടിക്കായലാണ് ഈ കാവ്യത്തിലെ ഏറ്റവും പ്രധാന കഥാപാത്രം. മറ്റെല്ലാവരുടേയും നായികനായകന്മാർ വെളുത്ത് തുടുത്തുവരായിരുന്നപ്പോൾ തിരുനെല്ലൂരിന്റെ റാണി അൽപ്പം കറുത്തവളാണ്. നായകൻ നാണുവാകട്ടെ കറുകറെ കറുത്തവനും. അവരുടെ സഫലമാകാതെ പോകുന്ന സ്വപ്നവും ദാരുണാന്ത്യവുമാണ് റാണിയുടെ ഇതിവൃത്തം. തന്റെ കവിതക്ക് പശ്ചാത്തലമായ ഗ്രാമത്തിന്റെ സജീവത തിരുനെല്ലൂർ വരച്ചുകാട്ടുന്നത്




*'റാട്ടുകളെപ്പോഴും അധ്വാനശക്തി തൻ*
*പാട്ടുപാടുന്നത് കേൾക്കും .*
*താരിളം കൈകളാൽ തൊണ്ടുതല്ലുന്നൊരു*
*താളവും മേളവും കേൾക്കാം ...''* എന്ന വരികളിലൂടെയാണ്.

ആക്ഷേപ ഹാസ്യത്തിനും മലയാളിക്ക് പഥ്യം കേരവൃക്ഷം തന്നെ. ഈ രംഗത്തെ ആദ്യ പഥികൻ കൊല്ലംകാരൻ ജെ.കെ. നായരാണ്. ചങ്ങമ്പുഴയുടെ 'വാഴക്കുല'യ്ക്കു പാരഡിയായി 1955–ലാണ് അദ്ദേഹം 'തേങ്ങാക്കുല'യെന്ന ഹാസ്യ കവിതയെഴുതിയത്. ചങ്ങമ്പുഴയുടെ മലയപ്പുലയൻ മഴവന്ന നാളിൽ വാഴ നട്ടതിനു ബദലായി ജി.കെ. നായരുടെ 'നാണി' മഴ നിന്ന നാളിലാണ് തെങ്ങു നട്ടത്. ആ വരികൾ ഇങ്ങനെ



തേങ്ങാക്കുല

(ഹാസ്യകവിത)

മലയായിൽനിന്നൊരുതെങ്ങുംതൈകൊണ്ടന്നു-
മഴനിന്നനാളിലന്നാണിനട്ടു.
മനതാരിലാശയോടന്തിക്കുംകാലത്തും
കളവാണിനാണിയാൾ വെള്ളംകോരി
അവളുടെപ്പുന്നാരകൈക്കുഞ്ഞെന്നപ്പോലെയ-
ങ്ങതിനെയന്നാണിയന്നോമനിച്ചു.
മഴമെല്ലെവന്നപ്പോൾ മണ്ണംകറുത്തപ്പോൾ
മലയത്തൈതെങ്ങിന്ന് മണ്ടവന്നു.
ഒന്നുകൊല്ലംപോയപ്പോളൊന്നുമടലോലയാ-
യൊരുമൂന്നാംകൊല്ലത്താൽതടിതിരിഞ്ഞു.
അയലത്തെപ്പുരയിൽ ഗ്രാമീണപ്പെണ്ണിന്റെ

*'മലയായിൽ നിന്നൊരു തെങ്ങുംതൈ കൊണ്ടന്നു*
*മഴ നിന്നനാളില,ന്നാണി നട്ടു*
*മനതാരിലാശയോടന്തിക്കും കാലത്തും*
*കളവാണി നാണിയാൾ വെള്ളം കോരി'.....*

അഴകിപുലക്കള്ളി വെള്ളം കോരുകയും മക്കൾ കൊതിയോടെ കുല വരാൻ കാത്തിരിക്കുകയും ചെയ്തെങ്കിലും ഒടുവിലത് തമ്പുരാൻ വെട്ടിക്കൊണ്ടു പോയെന്ന് നമുക്കറിയാം. മലയാളി ആസ്വാദകരുടെ ഉള്ളു പൊള്ളിക്കുന്ന ഈ അനുഭവത്തോട് പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും പറയുവാനില്ലേ എന്ന് ചോദിച്ച് ചങ്ങമ്പുഴ പിൻവലിയുകയായിരുന്നെങ്കിൽ അതേ സാഹചര്യത്തിൽ ജി.കെ. നായർ പാടിയത്.

*''പണമുള്ളോർ നിർമ്മിച്ച നീതീയാണെങ്കിലും*
*പരിഹാരം കാണാതെ മാറുകില്ല''* എന്നായിരുന്നു.

അഞ്ചു പതിപ്പിലായി ഏതാണ്ട് പന്ത്രണ്ടായിരം കോപ്പി വിറ്റുവെന്ന് പുസ്തകത്തിൽ ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. ഇതുപോലെ സ്വന്തമായി കവിതയെഴുതി സ്വന്തമായി അച്ചടിപ്പിച്ച് നാടൊട്ടുക്കും സഞ്ചരിച്ച് കൃതികൾ വിറ്റഴിച്ച നാടോടി സാഹിത്യകാരന്മാരുടെ പാരമ്പര്യംകൂടി ചേരുന്നതാണ് മലയാള സാഹിത്യം. ലബ്ധപ്രതിഷ്ഠരരുടെ കൃതികളേക്കാൾ നാട്ടുകാർ വായിച്ചും പാടിയും ആസ്വദിച്ചതും ഇത്തരം കൃതികളായിരിക്കാം.

അടിയന്ത്രിവസ്ഥക്കെതിരായ രൂക്ഷ പ്രതികരണത്തിന് കവി കടമ്മനിട്ട രാമകൃഷ്ണനും തുണയായത് തേങ്ങയാണ്.

*''എന്റെ നെഞ്ചിലെക്കരിമ്പാറമേലിതുതല്ലി*
*ച്ചതച്ചു ചകിരിനാർ വലിച്ചു പറിച്ചുള്ളിൽ*
*കടുപ്പം കഴറ്റിയ മധുരം കുടിച്ചീടും*
*കഴന്ന കാമ്പിൽ കാർന്നുകാർന്നു ഞാൻ രുചിച്ചിടും*
*മധുര ലഹരിയായി സിരയിൽ പടർന്നിടും*
*ചകിരിച്ചോറെൻ ചുണ്ടിൽപ്പുരളും പുതിയൊരു*
*പൊതിയാത്തേങ്ങാപ്പാട്ടു പാടി ഞാൻ നടന്നിടും*
*പുലരും നേരങ്ങളിൽ ഇളനീർ വിളഞ്ഞീടും''* എന്ന് അടിയന്തിരാവസ്ഥക്കെതിരായ പ്രതികരണമായി 1976ൽ എഴുതിയ തേങ്ങ എന്ന കവിതയിൽ കടമ്മനിട്ട പ്രത്യാശിക്കുന്നു.

***(തുടരും...)***





# കാലാവസ്ഥാ മാറ്റവും കയർഭൂവസ്ത്രവും

ഗീതു എം.ജി
റിസേർച്ച് അസിസ്റ്റന്റ്
കില

**കു**റെക്കാലം മുൻപുവരെ കാലാവസ്ഥ വ്യതിയാനമെന്ന വാക്ക് മലയാളിയെ തെല്ലും അലോസരപ്പെടുത്തിയിരുന്നില്ല. എന്നാൽ ഇന്ന് മലയാളിമനസിൽ ഭയം കോരിയിടുന്ന വാക്കായി അത് മാറിയിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനവും തത്ഫലമായ ദുരന്തങ്ങളും ഇന്ന് മലയാളിയുടെ നിത്യ ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു.

കേരളത്തിന്റെഏറ്റവും പ്രധാനപ്പെട്ട വിഭവമാണ് ജലം. നാം ഇന്ന് കേരളത്തിൽ കാണുന്ന കാഴ്ചകൾ മുഴുവൻ കെട്ടിപൊക്കിയിരിയ്ക്കുന്നത് ഈ ജല ശക്തിയിലാണ്. അതുകൊണ്ടുതന്നെ പ്രവചനാതീതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീകരമായി ഇരയാകുന്ന സ്ഥലം കൂടിയാണ് നമ്മുടേത്. എന്നാൽ നമുക്ക് മാത്രമായി അതിജീവനം സാധ്യമാണോ? ഇല്ലേയില്ല എന്നാണുത്തരം. ഒരു ഗ്രാമത്തിനോ ഒരു സംസ്ഥാനത്തിനോ എന്തിനധികം ഒരു രാജ്യത്തിനോ മാത്രമായി ഈ വിപത്തിന് അറുതി വരുത്താൻ കഴിയില്ല. കാലാവസ്ഥാ മാറ്റത്തിനുള്ള അടിസ്ഥാന കാരണങ്ങൾക്ക് ആഗോളമായ രാഷ്ട്രീയ പരിഹാരം തന്നെ വേണം എന്നിരിക്കിലും പ്രാദേശികമായ അതിജീവന വഴികൾ തീർക്കുകയും പ്രധാനമാണ്. അവിടെയാണ് ഇക്കാര്യത്തിൽ കയർ ഭൂവസ്ത്രത്തിന്റെ പ്രസക്തി.

കാലാവസ്ഥാ മാറ്റത്തിന്റെ ആദ്യ പ്രതിഫലനം ജല ചക്രത്തിലാണ് ഉണ്ടാകുന്നതെന്ന് പറഞ്ഞല്ലോ. കുടിവെള്ളത്തെയും കൃഷിയെയും ഭക്ഷണത്തെയും ഊർജ ഉത്പാദനത്തെയും എല്ലാം നിർണയിക്കുന്നത് ഈ ജലചക്രമാണ്. ഇതിലുണ്ടാകുന്ന ഏതൊരു മാറ്റവും വരൾച്ചയായും വെള്ളപ്പൊക്കമായും മനുഷ്യന്റെ ജീവിതാവസ്ഥയെ മാറ്റിമറിക്കും.

പ്രതിവർഷം 3,000 മില്ലി മീറ്റർ മഴ കിട്ടുന്ന നാടാണ് കേരളം. ഈ മഴയ്ക്ക് ഒരു വിതരണ ക്രമവുമുണ്ട്. അതിനൊപ്പിച്ചാണ് നമ്മുടെ സമസ്ത ജീവിത വ്യവഹാരങ്ങളും. കൃഷി, വൈദ്യുതോത്പാദനം തുടങ്ങി എല്ലാം ഈ ചക്രത്തോടോപ്പിച്ചാണ് കറങ്ങുന്നത്. ഈ ജല ചക്രത്തിന്റെ താളം പിഴച്ചാൽ എന്തുണ്ടാകുമെന്നാണ് 2018ലും കുറച്ചു കൂടി ലഘുവായ തോതിലാണെങ്കിലും 2019ലും നാം കണ്ടു കഴിഞ്ഞു. പ്രളയം നമ്മെ പിടിച്ചുലച്ചു. പ്രവചനാതീതമായ പേമാരി നമ്മുടെ നാടിന് ദുരിതങ്ങൾ വിതച്ചു. മഴയുടെ വിതരണവും ക്രമവും അളവുമെല്ലാം അസാധാരണമാം വിധം തെറ്റി. വളരെ ചെറിയ സമയം കൊണ്ട് പേമാരി നാടിനെയാകെ മുക്കികളഞ്ഞു. തീവ്ര മഴയുടെ മറുപുറമാണ് നീണ്ട, കൊടിയ വരൾച്ച.

അന്തരീക്ഷ താപനിലയിലെ വർദ്ധനവാണ് കാലാവസ്ഥാ വ്യതിയാനത്തിന് അടിസ്ഥാനം. അന്തരീക്ഷത്തിൽ മീഥേനും കാർബൺ ഡയോക്സൈഡും പോലുള്ള വാതകങ്ങൾ നിറയുന്നതാണ് ഇതിനു കാരണം. നമ്മുടെ ജീവിത ശൈലിയുടെ സൃഷ്ടിയാണ്





ഈ അപകടമെന്ന് വൈകിയാണെങ്കിലും നാമിന്ന് മനസിലാക്കുന്നുണ്ട്. ഗണ്യമായ നഷ്ടമൊന്നുമില്ലാതെ നമുക്ക് ഇതിനെ നിയന്ത്രിക്കാനാവുന്നതാണ്. മാലിന്യസംസ്ക്കരണമാണ് ഏറ്റവും നല്ല ഉദാഹരണം. വലിച്ചെറിഞ്ഞ് കുമിഞ്ഞ് കൂടിയാൽ അതിൽ നിന്നും കണക്കറ്റ് മീഥേനും മറ്റും വമിക്കും. ചിട്ടയായി സംസ്കരിച്ചാലോ പരിധിയിൽ നിൽക്കും.

നമ്മുടെ വൃക്ഷ മേലാപ്പിന് കാർബർ വാതകങ്ങളെ ആഗിരണം ചെയ്യാനും ചൂടു കുറയ്ക്കാനും കഴിയും. അവയുടെ ആഗിരണ ശേഷിയ്ക്കകത്ത് കാർബൺ ബഹിർഗമനം നിയന്ത്രിക്കാൻ നാം തയാറാകുന്നില്ല എന്നതാണ് ദുഃഖകരമായ വസ്തുത. മാത്രമല്ല നമ്മുടെ സസ്യാവരണത്തെ അനിയിന്ത്രിതമായും അനാവശ്യവുമായി നിരന്തരം നശിപ്പിക്കുകയും ചെയ്യുന്നു. കൂടുതൽ കൂടുതൽ കാർബൺ പുറന്തള്ളുന്ന രീതികളുടെയും സങ്കേതങ്ങളുടെയും ഉപയോഗം നിരന്തരം കൂട്ടുകയും ചെയ്യുന്നു. ഇതാണ് പ്രകൃതിദത്തമായ സന്തുലനം തകരാൻ ഒരു കാരണം. ഇതിലൂടെ കൊടും വേനലും വരൾച്ചയും കടുത്ത മഞ്ഞുരുക്കവും പേമാരിയുമെല്ലാമായി ജീവന് ആധാരമായ ജല ചക്രം തകർന്നടിയുന്നു.

ഇതിന്റെ ഭാഗമായി ഉണ്ടാകുന്ന ദുരന്തങ്ങളെ ഫലപ്രദമായി ലഘുകരിക്കാൻ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗത്തിലൂടെ കഴിയും. വേനൽക്കാലത്ത് ദാഹനീരിനായി വെള്ളം കാക്കാനും പരന്നൊഴുകുന്ന പ്രളയ ജലത്തെ പേറാൻ നീർത്തടങ്ങൾ കാക്കാനും കയർ ഭൂവസ്ത്രം ഉപയോഗിക്കാം. കൊടുംചൂടിനെത്തടയാൻ കൂടുതൽ ഇടതൂർന്ന വൃക്ഷ മേലാപ്പുകൾ സൃഷ്ടിക്കാനും സസ്യാവരണത്തിന്റെ തണുത്ത പച്ചപ്പിനാൽ ഭൂമിയെ ആകെ മൂടാനുമുള്ള അടിത്തറയായി പ്രവർത്തിക്കാനും കയർ ഭൂവസ്ത്രത്തിന് കഴിയും.

ഇതിന് കയർ ഭൂവസ്ത്രം തന്നെ വേണോ, ഏതെങ്കിലുമൊരു പ്രകൃതി സൗഹൃദ ഭൂവസ്ത്രം പോരെയെന്ന് ചോദിക്കുന്നവരുണ്ട്. പോരാ എന്നാണ് തീർച്ചയും മൂർച്ചയുമുള്ള മറുപടി. ഇത്തരമൊരു മറുപടിക്ക് കൃത്യമായ കാരണവുമുണ്ട്. പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾക്കുള്ള പ്രധാന പരിമിതി, അതിന്റെ കുറഞ്ഞ ഈടുനിൽപ്പും ഉയർന്ന വിലയുമാണ്. ഇവിടെയാണ് കയറിന്റെ പ്രാധാന്യം വർദ്ധിക്കുന്നത്. പ്രകൃതിദത്ത നാരുകളായ ചണം, പരുത്തി തുടങ്ങിയവ മൂന്ന് മാസത്തിനുള്ളിൽ സ്വയം വിഘടിക്കുമ്പോൾ കയർ വർഷങ്ങളോളം ഈടുനിൽക്കും എന്നുള്ളത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. തേക്കിൻ തടിയിലുള്ളതിനെക്കാളും ലിഗ്നന്റ് എന്ന വസ്തുവിന്റെ അളവ് കയറിന് കൂടുതലാണ് എന്നുള്ളതാണ് ഇതിനുള്ള പ്രധാനകാരണം. ഈ ഗുണമാണ് കയറിനെയും ചകിരിനാരിനെയും ഭാവിയുടെ നാരാക്കി മാറ്റുന്നത്. അതുകൊണ്ടാണ് ജിയോ എൻജിനീയറിംഗ് എന്ന ശാസ്ത്രശാഖയിലെ പ്രധാനപ്പെട്ട ഘടകമായി ഭൂവസ്ത്രം മാറുന്നതും കാലാവസ്ഥ വ്യതിയാനത്തിന്റെ കാലത്ത് അതിന് ആഗോള തലത്തിൽ സ്വീകര്യതയേറുന്നതും.



## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 6 | Kannur | 8281009864 | 0497-2707108 | |
| 7 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 8 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 9 | Kottayam | 8281009857 | 0481-2303279 | |
| 10 | Kozhikkode | 8281009863 | 0495-2549105 | |
| 11 | Malappuram | 8281009862 | 0483-2731806 | |
| 12 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 13 | Nangyarkulangara | 8281009853 | 0479-2412219 | |
| 14 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 15 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 16 | Parippally | 8281009848 | 0474-2576111 | |
| 17 | Pathanamthitta | 8281009873 | | |
| 18 | Sulthan Bathery | 8281009865 | 04936-265607 | |
| 19 | Sreekariyam | | 9349109251 | |
| 20 | Thirur | 8281009861 | 0494-2421441 | |
| 21 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 22 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 23 | Cherthala | 9400725013 | | |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bhavanagar | 9497757231 | 0278-2516620 | |
| 29 | Bhopal | 09303964488 | 0755-2745923 | |
| 30 | Calcutta | 09163342270 | 033-22353029 | |
| 31 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 32 | Delhi I | 09958272064 | 011-22544026 | |
| 33 | Delhi II | 09958272064 | | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Trichy | 09750125580 | 09750125580 | |
| 46 | Pandurna | 09422857737 | 0716-4220183 | |
| 47 | Chapra | 09939066693 | 08986369244 | |
| 48 | Warud | 09421739326 | 0722-9234223 | |




*കയർ മേഖലയിലെ വികസന ക്ഷേമ ആനുകൂല്യങ്ങളുടെ വിതരണം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. പി.പി. ചിത്തരഞ്ജൻ.എം.എൽ.എ, മുൻ മന്ത്രി പി. തിലോത്തമൻ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായി കുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് എന്നിവർ സമീപം.*

# ഓണക്കാലത്ത് കയർമേഖലയ്ക്ക് 52.86 കോടി: മന്ത്രി പി. രാജീവ്

**കോ**വിഡിന്റെ ഈ രണ്ടാം പ്രഹര കാലത്തും കയർ തൊഴിലാളികൾക്കും കയർമേഖലയ്ക്കുമായി ഈ ഓണക്കാലത്ത് 52.86 കോടി രൂപ ചെലവഴിക്കുമെന്ന് കയർ വകുപ്പിന്റെ ചുമതല കൂടിയുള്ള വ്യവസായ-നിയമ മന്ത്രി പി. രാജീവ് പറഞ്ഞു. ആലപ്പുഴയിൽ കയർ മേഖലയിലെ വികസന ക്ഷേമ ആനുകൂല്യങ്ങളുടെ വിതരണം ചുങ്കം കയർ മെഷീനറി ഫാക്ടറി ഓഡിറ്റോറിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കയർ മേഖലയിൽ കഴിഞ്ഞ സർക്കാർ ആരംഭിച്ച രണ്ടാം പുനഃസംഘടന വലിയ ഉണർവാണ് ഉണ്ടാക്കിയത്. ഈ സർക്കാരിന്റെ കാലത്ത് അത് പൂർത്തിയാക്കും. കേരളത്തിൽ ഇപ്പോൾ ഉത്പാദിപ്പിക്കുന്ന തൊണ്ടിന്റെ ഉപയോഗം 18 ശതമാനമായി ഉയർന്നു. നമുക്കാവശ്യമുള്ള ചകിരിയുടെ 35% ഇപ്പോൾ ഇവിടെ തന്നെ ഉത്പാദിപ്പിക്കുന്നു. ഇത് 45% ആക്കി വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തി വരുന്നത്. 2015-16 ൽ 7,000 ടൺ മാത്രമായിരുന്നു കയർ ഉത്പാദനം. ഇപ്പോൾ 25,000 ടണ്ണിലേക്ക് അത് വർദ്ധിച്ചു. ഇത് 30,000 ടണ്ണിലേക്ക് എത്തിക്കും. 2015-16 കാലത്ത് 11 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ കയർമേഖലയിൽ 53.91 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകുന്നുണ്ട്. ഉത്പാദന മേഖലയിൽ 83 ശതമാനത്തിന്റെ വർധനവ് നേടാനായി. ഭൂവസ്ത്ര വിൽപനയുടെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി 120 കോടി രൂപയുടെ കരാർ ഏറ്റെടുത്തു കഴിഞ്ഞു. തൊഴിലുറപ്പ് പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചാണ് ഇത് മുന്നോട്ടുപോകുക.

കയർപിരി സംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിച്ച കയർ മാന്ദ്യം കാരണം വിൽപന കുറവാണ്. കയർഫെഡിന്റെ കയർ സംഭരണത്തിന് കയറു വില മുഴുവൻ ഓണത്തിന് മുമ്പ് തന്നെ കൊടുത്തു തീർക്കാൻ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നേരത്തെ അഞ്ചു കോടി രൂപ സർക്കാർ നൽകിയിരുന്നു. ഉത്പന്ന സംഭരണത്തിന് കയർ കോർപ്പറേഷന് 15 കോടി രൂപയും നൽകിയിട്ടുണ്ട്.

കയറുപിരി സംഘങ്ങൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ആയി നാലു കോടി രൂപ അനുവദിച്ചു. ഇൻകം സപ്പോർട്ട് സ്കീമിൽ 25 കോടി രൂപ വകയിരുത്തി. അടിയന്തിരമായി 5 കോടി നൽകും. ഇത്തരത്തിൽ ഓണ സന്ദർഭത്തിൽ മാത്രം കയർ മേഖലയിൽ 52.86 കോടി രൂപ ചെലവഴിക്കുകയാണ്. കയർ ഗുണമേൻമയുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇന്നവേഷൻ കൗൺസിലുമായി സഹകരിച്ച് കയർമേഖലയുടെ പുനരുദ്ധാരണത്തിന് പുതിയ ആശയങ്ങൾ രൂപവത്കരിക്കും.

*(പേജ് 33ൽ തുടരും...)*



# ജനകീയാസൂത്രണത്തിന്റെ

ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സമ്മേളിച്ചിരുന്ന ജനകീയാസൂത്രണ സദസ് ഈ മംഗളമുഹൂർത്തത്തിനു സാക്ഷ്യംവഹിച്ചു. ഈ കോവിഡു കാലത്ത് ഏറ്റവുമധികം ജനങ്ങൾ വീക്ഷിച്ച ഒരു ചടങ്ങായിരിക്കണമിത്.

ഈ ചടങ്ങിൽ ഏറ്റവുമധികം ആകർഷിച്ചത് അധികാരവികേന്ദ്രീകരണത്തെ സ്ഥായിയാക്കുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള പൂർണമായ അഭിപ്രായ ഐക്യമാണ്. അധികാരവികേന്ദ്രീകരണം നമ്മുടെ സംസ്ഥാനത്ത് യാഥാർഥ്യമാക്കിയ നേട്ടങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളൊന്നും ഉണ്ടായിരുന്നില്ല. യോഗത്തിൽ സംസാരിച്ച യു.ഡി.എഫ്. നേതാക്കളായ വി.ഡി. സതീശൻ, ഉമ്മൻചാണ്ടി, പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവരും ബി.ജെ.പി. നേതാവ് കെ. സുരേന്ദ്രനും കലവറയില്ലാത്ത പിന്തുണയാണ് അധികാരവികേന്ദ്രീകരണത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനു നൽകിയത്.

അധികാരവികേന്ദ്രീകരണം കേരളത്തിൽ യാഥാർത്ഥ്യമാക്കുന്നതിൽ ജനകീയാസൂത്രണം വഹിച്ച പങ്കിനെക്കുറിച്ചും അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. എന്നാൽ യു.ഡി.എഫ്. നേതാക്കൾ ദേശീയ പ്രസ്ഥാനത്തിലെ ഗ്രാമസ്വരാജ് മുദ്രാവാക്യത്തിനും 73, 74-ാം ഭരണഘടനാ ഭേദഗതിക്കുമാണു ഊന്നൽ നൽകിയത്. ഇവയുടെ പ്രാധാന്യം ആർക്കും നിഷേധിക്കാനാവില്ല. പക്ഷെ 73, 74-ാം ഭരണഘടനാ ഭേദഗതി വന്നിട്ടും എന്തേ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ അധികാരവികേന്ദ്രീകരണം ഒരു വിദൂരസ്വപ്നമായി തുടരുന്നു? എന്തുകൊണ്ട് കേരളത്തിൽ മാത്രം നമ്മൾ ഇപ്പോൾ ആഘോഷിക്കുന്നതുപോലുള്ള ഒരു അനുഭവം ഉണ്ടായി? അവിടെയാണു ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തി.

കുട്ടി അഹമ്മദ് കുട്ടിയുടെ റെക്കോർഡു ചെയ്ത പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞതുപോലെ (വീഡിയോ കിലയുടെ വെബ്സൈറ്റിലുണ്ട്) അധികാരവികേന്ദ്രീകരണത്തെ സുസ്ഥിരമാക്കിയതിൽ ഇരുമുന്നണികൾക്കും പങ്കുണ്ട്. 1991-ലെപ്പോലെ ജനകീയാസൂത്രണത്തിന്റെ ചിട്ടകളെ യു.ഡി.എഫ്. സർക്കാർ പൂർണമായും തിരസ്കരിച്ചില്ല. മുന്നോട്ടുകൊണ്ടുപോയി. ഇത് കേരളത്തിന്റെ വികസനരാഷ്ട്രീയത്തിൽ പുതുമയേറിയ ഒരു അനുഭവമാണ്.

ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ ആർക്കും മറച്ചുവയ്ക്കാനാവില്ല. എന്നാൽ ഇന്നലെയുടെ നേട്ടങ്ങളിൽ അഭിരമിച്ചിരിക്കാനല്ല, നാളെയുടെ കടമകളിൽ ഊന്നുകയാണ് മുഖ്യമന്ത്രി പിണറായി വിജയനും തദ്ദേശഭരണ വകുപ്പു മന്ത്രി ഗോവിന്ദൻ മാസ്റ്ററും



# രജതജൂബിലി ആഘോഷങ്ങൾ



*ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു*

മുതൽ എല്ലാ പ്രാസംഗികരും ചെയ്തത്. അധികാര വികേന്ദ്രീകരണത്തിന്റെ നാളത്തെ അജണ്ട വളരെ കൃത്യമായി മുഖ്യമന്ത്രിയും തദ്ദേശഭരണ വകുപ്പു മന്ത്രിയും വ്യക്തമാക്കി. ആർക്കും അതിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. കൂട്ടിച്ചേർക്കാൻ ഏറെയുണ്ടാകാം. സി.പി. ജോൺ ജില്ലാ പ്ലാനിലേയ്ക്കു നീങ്ങാൻ കഴിഞ്ഞതിന്റെ പ്രധാന്യത്തിലൂന്നിയതു ശ്രദ്ധേയമായി.

അപ്പോൾ ഇനി എന്താണു വേണ്ടത്? ജനകീയാസൂത്രണകാലത്തെ ആവേശം വീണ്ടെടുക്കാനാവണം. പങ്കാളിത്തം ഉയരണം. അഴിമതി തുടച്ചുനീക്കണം. കാർഷിക, ചെറുകിട, വ്യവസായ മേഖലകളിൽ ആധുനിക ശാസ്ത്രസാങ്കേതികവിദ്യകളെ സന്നിവേശിപ്പിക്കണം. നമ്മൾ ജ്ഞാനസമൂഹത്തിലേയ്ക്കുള്ള പരിവർത്തനത്തിലാണെന്ന് ഓർക്കണം. ജില്ലാ പദ്ധതിയോടൊപ്പം നീർത്തട മാസ്റ്റർപ്ലാനുകൾ കൊണ്ടുവരണം. നഗരാസൂത്രണം കൂടുതൽ മെച്ചപ്പെടണം. കേവല ദാരിദ്ര്യം തുടച്ചുനീക്കണം. പാർശ്വവത്കരിക്കപ്പെട്ടവരെ ഉൾച്ചേർക്കണം. സ്ത്രീകൾക്കു തുല്യത. പരിസ്ഥിതിസൗഹൃദം. വയോജനങ്ങളെ ഉൾച്ചേർക്കൽ. ഭിന്നശേഷി പരിഗണന. ഇങ്ങനെയെല്ലാമുള്ള കേരളം രൂപം നൽകുന്നതിനാവണം അടുത്ത 25 വർഷം.




കയർഫെഡിന്റെ ചേർത്തല ഷോറൂം കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ ഉദ്ഘാടനം ചെയ്യുന്നു.

# കയർഫെഡ് ചേർത്തല ഷോറൂം പ്രവർത്തനം ആരംഭിച്ചു

കയർഫെഡിന്റെ ചേർത്തല ഷോറൂം ആലപ്പുഴ കണിച്ചു കുളങ്ങരയിൽ ദേശീയ പാതയോരത്ത് പ്രവർത്തനം ആരംഭിച്ചു. ഷോറൂമിന്റെ ഉദ്ഘാടനം കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ ഉദ്ഘാടനം ചെയ്തു. കയർഫെഡ് മാർക്കറ്റിംഗ് മാനേജർമാരായ എം. അനുരാജ്, അനിൽകുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കയർഫെഡിന്റെ കേരളത്തിനകത്തുള്ള 25-ാമത് ഷോറുമാണിത്. കയർ ഉത്പന്നങ്ങൾ, കയർഫെഡ് മെത്തകൾ, ചകിരിച്ചോറിൽ നിന്നുള്ള ജൈവ വളം, കൊക്കോ പോട്ട്, കയർ ടൈലുകൾ തുടങ്ങി കയർഫെഡിന്റെ ഉത്പന്നശ്രേണിയിലെ വൈവിധ്യമാർന്ന വിവിധയിനം ഉത്പന്നങ്ങൾ ആകർഷകമായ വിലക്കുറവിൽ ഇവിടെ നിന്നും ലഭ്യമാണ്.



## COIR DEVELOPMENT DEPARTMENT AND COIRFED ETC CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS, Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. N.Padmakumar, Special Officer (Coir) | 0471-2322046 | |
| 4 | ADCD | 0471-2322046 | |
| 5 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 6 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 7 | Shri.Thomas John, D.R, Coir Development Dept. | 0471-2322046 | 9447245611 |
| 8 | Shri.C.Abhishek, Spl. Officer, Coir Dept. | 0471-2322046 | 9895671981 |
| II | Coir Project Offices | | |
| 1 | Shri.Sreekumar.B, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri.Sasikumar.S, Alappuzha | 0477-2245268 | 9567323035 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Shri.Suresh Babu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri.Sivasankaran i/c, Kannur | 0497-2705034 | 9744720375 |
| III | Coirfed Head Office | | |
| 1 | Sri. C. Suresh Kumar, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Smt. Sheela S, IAO & PM | 8281009871 | 9495967161 |
| 4 | Shri.Prakash K S, Dy.Finance Manager | 8281009820 | |
| 5 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 6 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 7 | Shri. Sreevardhan Namboothiri. S Marketing Manager(Y) | 8281009817 | 8850677769 |
| 9 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 10 | Shri. S.Jayaprakash, Asst. Finance Manager | 8281009841 | 9745372148 |
| 11 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 12 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 13 | Regional Officer, Alappuzha | 0477-2246272 | 8281009832 |
| 14 | Shri.D.Sajeev, Regional Officer, Kollam | 0474-2793543 | 8281009829 |
| 15 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 16 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 17 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 18 | Sri.BabuVijayanath, Depot Manager, Alappuzha | 8281009872 | 9847222027 |
| 19 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 20 | Shri. M.P.Narayanan Nair, Prod. Supervisor | 8281009835 | |
| 21 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 22 | Shri.T.N.Vinod Kumar, Manager, RB Unit | | 9497635914 |
| 23 | Shri.Nagappan, Dispatch Supervisor, PVCT Unit | 8330010737 | 8075250903 |
| 24 | Ramla Beevi.H, Central Stores Manager i/c | 0477-2242471 | |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കയർവികസനം - ഉത്സവകാലത്ത് സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർ ഉൽപ്പന്നങ്ങൾ തവണവ്യവസ്ഥയിൽ വിപണനം നടത്തുന്നതിന് അനുമതി പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

---

**വ്യവസായ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.835/2021/വ്യവ. തീയതി,തിരുവനന്തപുരം, 10/08/2021

---

പരാമർശം:- 1. കയർ വികസന ഡയറക്ടറുടെ 04.08.2021 - ലെ ഡി.സി.ഡി/ 12 / 2021 - സി.പി.6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കയർ ഉൽപ്പന്നങ്ങളുടെ വിൽപന വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഉദ്യോഗസ്ഥർക്ക് തവണ വ്യവസ്ഥയിൽ കയർ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുമായി 2021 ഓണക്കാലത്തോടനുബന്ധിച്ച് (ആഗസ്റ്റ് 31 വരെ ) താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും കയർ ഉൽപ്പന്നങ്ങൾ തവണവ്യവസ്ഥയിൽ വിപണനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.പരമാവധി 25000/- രൂപയുടെ (ഇരുപത്തയ്യായിരം രൂപ മാത്രം) ഉൽപന്നങ്ങൾ ഒരു ജീവനക്കാരന് വാങ്ങാവുന്നതാണ്. (റിബേറ്റ്/ഡിസ്കൗണ്ട് ഒഴിവാക്കി)

2.തവണവ്യവസ്ഥയ്ക്കാവശ്യമായ ഇൻഡന്റ് ഓരോ സ്ഥാപനവും സർക്കാർ ആഫീസുകൾക്ക് നൽകേണ്ടതാണ്.

3. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ മൂന്ന് സ്ഥാപനങ്ങളും ഒരേ മാതൃകയിലുള്ള ഇൻഡന്റ് ഫോറവും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി കയർ വികസന ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

4.ബന്ധപ്പെട്ട ശമ്പളവിതരണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്ന ഇൻഡന്റ് പ്രകാരം ആണ് സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ നൽകേണ്ടത്.

5.ഉൽപ്പന്നങ്ങൾ വാങ്ങിയതിന്റെ വില (സ്ഥാപനങ്ങളിൽ നിന്നും ഉൽപ്പന്നം വാങ്ങിയതിന്റെ സ്ഥിരീകരണം ലഭിക്കുമ്പോൾ) അടുത്തമാസം മുതൽ പരമാവധി 5 തവണകളായി ശമ്പളവിതരണ ഉദ്യോഗസ്ഥർ കിഴിവ് ചെയ്ത് ബന്ധപ്പെട്ട സ്ഥാപനത്തിന് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Byju Kumar S
അണ്ടർ സെക്രട്ടറി

***<u>(സർക്കാർ, അർദ്ധസർക്കാർ ജീവനക്കാർക്ക് തവണവ്യവസ്ഥയിൽ കയർ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ്)</u>***



ഫ്രൈസ് ഫ്ളക്ചുവേഷൻ ഫണ്ട് ക്ലയിം ഇനത്തിൽ 6 കോടി രൂപയും വിലവ്യതിയാന ഫണ്ടിൽ നിന്നും അഡ്വാൻസായി 10 കോടി രൂപയും സർക്കാർ കയർഫെഡിന് അനുവദിച്ചു നൽകിയതുകൊണ്ടാണ് കയറിന്റെ വില തീർത്ത് നൽകാനായത്.

# ഓണത്തിന് കയർവിലയായി കയർഫെഡ് 20 കോടി വിതരണം ചെയ്തു: അഡ്വ. എൻ. സായികുമാർ

**കോവിഡ്-19** മഹാമാരിയുടെ കാലത്തും കയർ സഹകരണ സംഘങ്ങളിൽ നിന്നും ആഗസ്റ്റ് 16 വരെ സംഭരിച്ച മുഴുവൻ കയറിന്റെ വിലയും പൂർണമായും ഓണത്തിന് മുമ്പ് വിതരണം ചെയ്തതായി കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ അറിയിച്ചു. ആലപ്പുഴയിൽ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 20 കോടി രൂപയാണ് ഈയിനത്തിൽ കയർഫെഡ് ഓണക്കാലത്തിന് മുൻപ് കയർ സംഘങ്ങൾക്ക് വിതരണം ചെയ്തത്. ഫ്രൈസ് ഫ്ളക്ചുവേഷൻ ഫണ്ട് ക്ലയിം ഇനത്തിൽ 6 കോടി രൂപയും വിലവ്യതിയാന ഫണ്ടിൽ നിന്നും അഡ്വാൻസായി 10 കോടി രൂപയും സർക്കാർ കയർഫെഡിന് അനുവദിച്ചു നൽകിയതുകൊണ്ടാണ് കയറിന്റെ വില തീർത്ത് നൽകാനായത്.

ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലയളവിൽ എല്ലാ വർഷവും കയർവില കുടിശികയില്ലാതെ വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ ഓണക്കാലത്തും തൊഴിലാളികൾക്കും സംഘങ്ങൾക്കുമുള്ള കയർവില പൂർണമായി നൽകുവാൻ കഴിഞ്ഞത് എൽ.ഡി.എഫ് സർക്കാരിന്റെയും വ്യവസായ നിയമ കയർ മന്ത്രി പി. രാജീവിന്റെയും അകമഴിഞ്ഞ പിന്തുണയും സഹായവും കൊണ്ടാണെന്നും കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ പ്രസ്താവനയിൽ എടുത്തു പറഞ്ഞു.

ഒന്നാം പിണറായി സർക്കാർ അധികാരമേൽക്കുമ്പോൾ 2015-16ൽ 60,000 ക്വിന്റലായിരുന്നു കയർ സംഭരണം. 2016-17 മുതൽ കയർ ഉത്പാദനം ക്രമാനുഗതമായി വർദ്ധിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ രണ്ടര ലക്ഷം ക്വിന്റലായി വർദ്ധിച്ചിട്ടുള്ളത് ഈ മേഖലയിൽ ഉണ്ടായിട്ടുള്ള ഉണർവിന്റെ നേർക്കാഴ്ചയാണ്.

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും, ഈ വർഷം ഓണം വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ കയർ ഉത്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. കഴിഞ്ഞ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ സംഭരിച്ചതിനെക്കാൾ പത്ത് ശതമാനത്തോളം ഈ വർഷം അതേ കാലയളവിൽ കയർ സംഭരണം വർദ്ധിപ്പിക്കുവാൻ കയർഫെഡിന് കഴിഞ്ഞിട്ടുണ്ട്. തൊഴിലാളി സംരക്ഷണം ഉറപ്പുവരുത്തികൊണ്ടുള്ള നവീകരണ നടപടികൾ ഊർജ്ജിതപ്പെടുത്തിയതിന്റെ ഫലമായാണ് കയർ വ്യവസായത്തിൽ ഈ പുരോഗതി സാധ്യമായത്.

ഈ വർഷം കയറുത്പാദനം മൂന്നു ലക്ഷം ക്വിന്റലായി ഉയർത്തുന്നതിനുള്ള പദ്ധതികളാണ് സർക്കാർ സഹായത്തോടെ കയർഫെഡ് വിഭാവനം ചെയ്തിട്ടുള്ളത്. അതോടെ യു.ഡി.എഫ് സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനെക്കാൾ കയറുൽപ്പാദനം അഞ്ചുമടങ്ങായി വർദ്ധിക്കുന്ന നിലയിലെത്തും.

കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തു കയർപിരി തൊഴിലാളികൾക്ക് ലഭിച്ചിരുന്ന ശരാശരി വാർഷിക വേതനം 12,000 രൂപയായിരുന്നു. അത് മൂന്നിരട്ടി വർദ്ധിച്ച് ഇന്ന് 40,000 രൂപയോളമായി ഉയർന്നിട്ടുണ്ട്. ഇത് ഈ സാമ്പത്തിക വർഷം 50,000 രൂപയായും അടുത്ത അഞ്ചു വർഷംകൊണ്ട് 1,00,000 രൂപയായും വർദ്ധിപ്പിക്കുവാനാണ് സർക്കാരും കയർഫെഡും ലക്ഷ്യമിടുന്നത്.

കയർവില കുടിശികയില്ലാതെ നൽകുന്നത് സംഘങ്ങൾക്കും തൊഴിലാളികൾക്കും ആത്മവിശ്വാസം പകരുന്ന നടപടിയാണ്. സംഭരിക്കുന്ന കയറിന്റെ സിംഹഭാഗവും കയർ ഭൂവസ്ത്രം ഉൾപ്പടെയുള്ള ഉത്പന്നങ്ങളാക്കി രൂപാന്തരപ്പെടുത്തിയാണ് വിപണനം ചെയ്യുന്നത്. അങ്ങനെ കയർ പിരിമേഖലയിലും ഉത്പന്ന നിർമ്മാണ മേഖലയിലും തൊഴിൽ ദിനങ്ങൾ ഗണ്യമായി ഉയർത്തുവാനും ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

കയർവ്യവസായ മേഖല പ്രതിസന്ധികളെ മുറിച്ചുകടന്നുകൊണ്ട് വളർച്ചയുടെ പടവുകൾ കയറുമ്പോഴും രാഷ്ട്രീയതിമിരംബാധിച്ചചിലർസത്യവിരുദ്ധമായപ്രസ്താവനകൾ നടത്തുന്നത് വ്യവസായത്തെയും തൊഴിലാളികളെയും സഹായിക്കാനല്ലെന്നും അത്തരം രാഷ്ട്രീയ ദുരാരോപണങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളികളയണമെന്നും അഡ്വ. എൻ. സായികുമാർ അഭ്യർത്ഥിച്ചു.

പത്രസമ്മേളനത്തിൽ കയർഫെഡ് വൈസ് പ്രസിഡന്റ് ജോഷി എബ്രഹാമും പങ്കെടുത്തു.

*(പേജ് 11ൽ നിന്ന് തുടർച്ച)*


കയർ വ്യവസായത്തിന്റെ എല്ലാ തുറകളിലും പ്രവർത്തനം നടത്തുന്നവരെ സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്. വ്യക്തികളെ സഹായിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനേക്കാൾ രജിസ്റ്റർ ചെയ്ത സംഘടനകൾ മൂലം ഈ വ്യവസായം നടത്തുന്നതായിരിക്കും നല്ലത്. ഈ സംഗതികൾകൂടി ഗവൺമെന്റിൽ നിന്നും ദയവായി ആലോചിക്കണമെന്നു കൂടി അഭ്യർത്ഥിക്കുന്നു.

**പൊന്നറ ജി. ശ്രീധർ**

കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു സങ്കടങ്ങൾ നേരിടുന്നുണ്ടെന്നും, കയർ വ്യവസായം അധഃപതിച്ചുകൊണ്ടിരിക്കുന്നതെന്നും, അതുകൊണ്ട് അവർക്ക് ഗവൺമെന്റ് ധനസഹായം ചെയ്തുകൊടുക്കണമെന്നും അപേക്ഷിക്കുവാനാണ് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതെന്ന് മനസിലായി. പ്രമേയം വായിച്ചാൽ ഇടത്തരക്കാരായ ആളുകളെ സഹായിക്കുവാനായിട്ടാണ് ഈ പ്രമേയം ഈ അസംബ്ലിയിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് ആരു കണ്ടാലും സമ്മതിക്കാം. വാസ്തവത്തിൽ ഇതിൽ നിന്നും എനിക്ക് മനസിലായിട്ടുള്ളത് ആ വിധത്തിലാണ്. ഇടത്തരക്കാരായ ആളുകൾ മാത്രം ഓഹരിക്കാരായിരിക്കുന്ന സഹകരണ സംഘങ്ങൾ മുഖേന ഇടത്തരക്കാരെ മാത്രം സഹായിക്കുവാനായിട്ട് ഗവൺമെന്റ് ഇടപെടണമെന്നാണ് പറയുന്നത്. പണം മുടക്കി വ്യവസായം നടത്തുവാൻ നിവൃത്തിയില്ലാത്തവരിൽ അത്യാഗ്രഹമുള്ള കുറേ ഇടത്തരക്കാരെ മാത്രം സഹായിക്കുവാനായിട്ട് ഗവൺമെന്റ് ഇടപെടണമെന്ന് പറയുന്നത്.

പണം മുടക്കി വ്യവസായം നടത്തുവാൻ നിവൃത്തിയില്ലാത്തവരിൽ അത്യാഗ്രഹമുള്ള കുറേ ഇടത്തരക്കാരെ ഗവൺമെന്റിൽ നിന്നും സഹായധനം കൊടുത്തു ആ വഴിക്ക് കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്നാണ് പ്രമേയത്തിൽ നിർദേശിച്ചു കാണുന്നത്. അത്തരം ഇടത്തരക്കാരായ കുറെ പേർക്ക് പണം കടം കൊടുത്ത് അവരെ പണക്കാരാക്കുവാനായിട്ടാണോ തിരുവിതാംകൂർ ഗവൺമെന്റിന്റെ പണം വെച്ചിരിക്കുന്നത് ? ഇന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പലതും ഈ രാജ്യത്തുണ്ട്. ഈ സ്ഥലത്ത് നിന്ന് ഒരു ഇരുന്നൂറ് വാര കിഴക്കോട്ട് മാറിയാൽ അവിടെ ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുണ്ട്. ആ സൊസൈറ്റി ഏത് നിലയിലാണ് നടക്കുന്നതെന്നും, അതിന്റെ പ്രവർത്തനങ്ങൾ ഏതു തരത്തിലാണെന്നും നഷ്ടമല്ലാതെ ലാഭമൊന്നുമില്ലെന്നുമുള്ള സംഗതികളെപ്പറ്റി ആലോചിച്ചാൽ ഇത്തരം കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കൊണ്ടു നാട്ടിലെ സാമാന്യ ജനങ്ങൾക്ക് പ്രയോജനമുണ്ടോയെന്നുള്ള കാര്യം സംശയമാണ്. കയർ വ്യവസായം അധഃപതിച്ചുകൊണ്ടാണ് വരുന്നതെന്നുള്ള സംഗതി പരമാർത്ഥമാണ്. അവരെ സഹായിക്കേണ്ടത് അത്യാവശ്യമാണ്. അതിന് ഈ പ്രമേയകർത്താവ് പറഞ്ഞമാതിരി തിരുവിതാംകൂർ ഗവൺമെന്റ് അതിലിടപെട്ടാൽ എന്ത് ഗുണമാണ് കിട്ടുവാൻ പോകുന്നത്?

കണക്ക് മുഴുവൻ മനസ്സിലാക്കിയാണ് പറയുന്നത്. അതിന്റെ വിവരങ്ങൾ അന്വേഷിച്ചാൽ ഏതൊരുത്തനും പബ്ലിക്കായിട്ട് അറിയുവാൻ കഴിയും. ഇന്നും



പൊന്നറ ജി. ശ്രീധർ

വളരെ നഷ്ടമായിട്ടാണ് അതു നടത്തിവരുന്നത്. ഈയിടെയായി കുറച്ചധികം നഷ്ടം വന്നിട്ടുണ്ടെന്നും അറിയാം. അതിന്റെ മൂലധനവും ഇന്നത്തെ നടത്തിപ്പുകളും കൊണ്ട് നഷ്ടമാണ് നേരിട്ടിരിക്കുന്നത്. ഈ വിധത്തിലുള്ള രണ്ടുനില കെട്ടിടങ്ങളും മറ്റും ഉണ്ടാക്കിയതുതന്നെ ആ സൊസൈറ്റിക്കുണ്ടായിട്ടുള്ള ലാഭം കൊണ്ടാണ്. സൊസൈറ്റിയുടെ നടത്തിപ്പിന്റെ കൊള്ളരുതായ്മകൊണ്ടാണ് ഇത്ര വളരെ പണം കെട്ടിടത്തിനും മറ്റുമായി ചെലവിടുന്നത്. ശരിയായ വിധത്തിൽ കൺട്രോൾ ചെയ്യാത്തതിന്റെ തരക്കേടാണിത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി നാട്ടുകാരുടെ ഇടയിൽ പല സൊസൈറ്റികളും നശിച്ചുപോയിട്ടുള്ളതായി നമുക്ക് കാണാൻ കഴിയും. തൃപ്തികരമായി നടത്തുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വളരെ കുറവായിട്ടേ കാണാൻ കഴിയുകയുള്ളൂ. സാധാരണയായി കണ്ടു വരാറുള്ള സൊസൈറ്റികൾ മിക്കതും ക്രഡിറ്റ് സൊസൈറ്റികളാണ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെപ്പറ്റിയുള്ളതല്ല. ഇവിടെ വാദവിഷയമെങ്കിലും അവയുടെ നടത്തിപ്പിനെപറ്റി പറഞ്ഞുവെന്നേയുള്ളൂ. ഈ പ്രമേയത്തിൽ കയർപിരിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ചു ഒരു സൊസൈറ്റിയുണ്ടാക്കി ആ സൊസൈറ്റിയിൽ തൊഴിലാളികളെ അംഗങ്ങളായി ചേർത്ത് അവരെ സഹായിക്കുകയും, അങ്ങനെ ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുകയും വേണമെന്നു നിർദ്ദേശിച്ചിരിക്കു

ന്നുവെങ്കിൽ ഞാൻ അതിനെ സന്തോഷപൂർവം സ്വീകരിക്കുമായിരുന്നു. ആ പ്രമേയത്തെ അനുകൂലിക്കാനും ഞാൻ തയാറാകുമായിരുന്നു. തൊഴിലാളികളുടെ പേരു തന്നെ പറയാതെ ഇടത്തരക്കാർക്ക് വേണ്ടി ഇങ്ങനെയുള്ള സൊസൈറ്റിയുണ്ടാക്കണമെന്നും, തിരുവിതാംകൂർ ഗവൺമെന്റിന്റെ പണമെടുത്ത് അതിലേക്ക് വാരിക്കോരി ചെലവിടണമെന്നും പറയുന്നതു ശരിയല്ല.

ഏതായാലും കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം മാർഗങ്ങൾ ഗവൺമെന്റുദ്ദേശിച്ചിട്ടുണ്ടോ ഏതെല്ലാം വളരെ ഗാഢമായി ആലോചിച്ച് പ്രവർത്തിമാർഗത്തിൽ കൊണ്ടുവരണമെന്നല്ല ഈ പ്രമേയംകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുകയും ഈ വിധത്തിലുള്ള ഒരു പ്രമേയം ഒരിക്കലും ഗവൺമെന്റ് സ്വീകരിക്കരുതെന്ന് താഴ്മയായി അപേക്ഷിക്കുകയും ചെയ്യുന്നു.

ഇന്ന് ലോകത്തിൽവെച്ച് വലിയ മൊണോപ്പൊളിയുള്ള ഒരു വ്യവസായമാണ് കയർ വ്യവസായം. അതു നശിച്ചുപോകാനുള്ള അവസരം സംജാതമാകാതിരിക്കുവാനുള്ള പ്രവൃത്തികൾ ഗവൺമെന്റ് ചെയ്യാതിരുന്നാൽ ദോഷമാണ്. അതുകൊണ്ട് കയർ വ്യവസായത്തിന്റെ അഭിവൃദ്ധിക്കും അതിലെ തൊഴിലാളികളുടെ രക്ഷക്കും അത്യാവശ്യമായ പ്രവർത്തികൾ ഗവൺമെന്റിൽ നിന്നും ആരംഭിക്കണം. ആ കാര്യത്തിൽ ഗവൺമെന്റ് ദയവ് ചെയ്ത് നല്ലവണ്ണം ആലോചിച്ചു ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണെന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ.

### ഉദയഭാനു എ.പി

എനിക്കും ഇതിനെപ്പറ്റി അൽപം സംസാരിക്കുവാനുണ്ട്. കയർ വ്യവസായം അധഃപതിച്ചിരിക്കുന്നു എന്നു പ്രമേയ കർത്താവ് പറഞ്ഞിരിക്കുന്നു. 1949 ൽ കയറ്റുമതി കയറായും കയറ്റു സാധനങ്ങളായും 80,000 ടണ്ണോളം വന്നിരിക്കുന്നു. ഇതു മുൻകൊല്ലങ്ങളെ എല്ലാം അപേക്ഷിച്ചു വളരെ കൂടുതലാണ് കയറിന്റെ കയറ്റുമതിയുടെ ഒരു പീക്ക് ഇയറാണ് 1949 എന്നു വേണമെങ്കിൽ പറയാം. കയറിന്റെ കയറ്റു മതിയിൽ 50 ശതമാനത്തോളം ഇന്ത്യൻ വിപണികളിൽ ആണത്രേ. കയർ ഉത്പന്നങ്ങളുടെ വിലയും സാമാന്യം ഉയർന്നു തന്നെ നിൽക്കുകയാണ്. ഇതെല്ലാം നോക്കുമ്പോൾ കയർ വ്യവസായം അധഃപതിച്ചിരിക്കുന്നു എന്നു പറയാവുന്നതല്ല. കയർ വ്യവസായത്തിൽ അധഃപതിച്ചിരിക്കുന്നു എന്നു പറയുന്നത് ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ചാണ്. അതിൽ ഫാക്ടറികളിൽ ജോലി ചെയ്യുന്ന സംഘടിത തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ അവരുടെ ശക്തമായ ശബ്ദം ഉയർത്തുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവർക്ക് കഴിവുണ്ട്.

1929–ലെ ജോർജ് കമ്മിറ്റി റിപ്പോർട്ടനുസരിച്ച് അന്ന് അവരുടെ സംഖ്യ രണ്ടായിരത്തോടടുത്തായിരുന്നു. ഇന്നു അതിൽ വളരെ മടങ്ങുണ്ടായിരിക്കും. എന്നാൽ കയറിന്റെ പ്രാഥമിക ഉൽപ്പാദകരുടെ സംഖ്യയുമായി അതു താൽപര്യപ്പെടുത്തുവാനില്ല. അവർ തിരു-കൊച്ചിയുടെ തീരപ്രദേശത്ത് താമസിക്കുന്ന ഏതാനും ലക്ഷം ജനങ്ങളാണ്. ശുദ്ധജലവും ശുദ്ധവായുവും ഇല്ലാത്ത ആ സ്ഥലത്ത് നഗരങ്ങളെക്കാൾ ജനങ്ങൾ



ഉദയഭാനു ഏ.പി.

തിങ്ങിപ്പാർക്കുന്നു. അവരെ പുലർത്തുന്നത് കയർ വ്യവസായമാണ്. അവർക്ക് ജീവിക്കാനുള്ള ആദായം കയർ വ്യവസായത്തിൽ നിന്നും എങ്ങനെ ഉണ്ടാക്കാമെന്നുള്ളതാണ് പ്രശ്നം.

കയർ വ്യവസായത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന് കയറും കയറ്റു സാമാനങ്ങളും വാങ്ങുന്ന വിദേശ വിപണി. മറ്റേത് തൊണ്ടിനെ കയറാക്കുന്ന തീരപ്രദേശം. ഇതിൽ വിദേശവിപണികളെ സംബന്ധിച്ചിടത്തോളം നമ്മുടെ നില ഇന്ന് തരക്കേടില്ല. എന്നാൽ മണൽകൊണ്ട് കയർ പിരിക്കുന്നവരെന്ന കുപ്രസിദ്ധി നമുക്കുണ്ടായിട്ടുണ്ട്. നമ്മുടെ വ്യാപാരത്തിലെ അസൻമാർഗികത്വംകൊണ്ട് ഇന്ത്യൻ സാധനമെന്നു കേട്ടാൽ വേണ്ടെന്നു പറയുന്ന നിലയാണുള്ളത്. നമ്മുടെ കയറ്റുമതികളുടെ 'മാറ്റു' നിലനിൽത്തുന്നതിനുള്ള തീവ്രമായ ഒരു സംരംഭം ആവശ്യമാണ്. ഞാൻ കൂടെ ഉണ്ടായിരുന്ന നിയമ സഭയിലാണ്. അതിനു വെയർ ഹൗസ് ബിലൽ, പാസ് ആയത് എന്നാൽ അതിലെ ചോർച്ചകൾ തീർത്തു ഉടൻ ശരിപ്പെടുത്തേണ്ടിയിരിക്കുന്നു. അതു നമ്മുടെ കയറിന്റെ 'മാറ്റു' നിലനിർത്താൻ സഹായകമായിരിക്കും.

### എൻ. കുഞ്ഞുരാമൻ, വ്യവസായമന്ത്രി

അതിപ്രധാനമായ ഒരു പ്രശ്നമാണ് സഭയുടെ ചർച്ചയ്ക്ക് വിഷയമായിരിക്കുന്നതെന്നു ഗവൺമെന്റ് മനസിലാക്കുന്നു. ഈ അടുത്തകാലത്ത് നിരവധി ചോദ്യങ്ങൾ കയർ വ്യവസായത്തെ സംബന്ധിച്ച് ഈ




എൻ. കുഞ്ഞുരാമൻ

സഭയിൽ ചോദിച്ചിട്ടുണ്ട്. അന്ന് അത് ഒരു പ്രമേയ രൂപത്തിൽ ചർച്ചാ വിഷയമാവുകയും ചെയ്തിരിക്കുന്നു. രണ്ടും മൂന്നും മാസക്കാലമായി കയർ വ്യവസായത്തെ എങ്ങനെയാണ് അഭിവൃദ്ധിപ്പെടുത്തി അതിൽ പ്രവർത്തിക്കുന്നവരുടെ ജീവിതത്തിന് മതിയായ കൂലി കിട്ടത്തക്കവണ്ണം ഒരു വ്യവസ്ഥ സ്വീകരിക്കേണ്ടതെനുള്ളതിനെ സംബന്ധിച്ചു ഗവൺമെന്റ് മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.

ഇന്ന് ഈ സഭയിൽ നിർദ്ദേശിക്കപ്പെട്ട പല കാര്യങ്ങളും ഞാൻ ശ്രദ്ധയോടുകൂടി കേട്ടു. ചില നിർദ്ദേശങ്ങൾ സ്വീകാര്യങ്ങളായിട്ടുള്ളതാണെന്ന് ഞാൻ സമ്മതിക്കുന്നു. ഗവൺമെന്റിന്റെ ആളെന്ന നിലയിൽ ഞാൻ നേരിട്ട് ഇതുസംബന്ധിച്ച് വളരെ കൂടുതൽ അന്വേഷണങ്ങൾ നടത്തി പലതും പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ വ്യവസായം അഭിവൃദ്ധിയിലല്ല, അല്ലെങ്കിൽ ഈ വ്യവസായം അധഃപതിച്ചുവരികയാണ് എന്നു പ്രമേയ കർത്താവു പറഞ്ഞതിനോട് പരിപൂർണ്ണമായി യോജിക്കാൻ നിവൃത്തിയില്ല. ഉദയഭാനു പറഞ്ഞതുപോലെ ഈ വ്യവസായത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ കയറായിട്ടായിലും കയർ സാധനങ്ങളായിട്ടാലും എക്സ്പോർട്ട് വളരെ കൂടുതലാണ്. 1949ൽ എക്സ്പോർട്ട് വളരെ കൂടുതലാണ്. 1950 ൽ അതിനെക്കാളും കടന്നുനിൽക്കുമെന്നാണ് പ്രതീക്ഷ. അതിനുള്ള ന്യായങ്ങളും കാണുന്നുണ്ട്. അതുകൊണ്ടു വ്യവസായം അഭിവൃദ്ധിയില്ലയെന്നു പറയുന്നതു ശരിയല്ല. എന്നാൽ ഒരു സംഗതി പ്രമേയ കർത്താവ് വളരെ ശ്രദ്ധിച്ചാണ് അവതരിപ്പിച്ചിട്ടുള്ളതെന്നറിയാം. ഇതിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ചെറുതരം മുതലാളികളായ റാട്ടുവെച്ചു കയറുപിരിപ്പിക്കുന്ന ആളുകൾക്ക് ഈ വ്യവസായം കൊണ്ട് യാതൊരു ഗുണവും ഇല്ലെന്നാണ്. അത് ഒരു തരത്തിൽ ശരിയാണ്. ഞാൻ മനസിലാക്കിയതു ശരിയാണെങ്കിൽ, മജീദ് ഉദ്ദേശിച്ചിരിക്കുന്നത് അദ്ദേഹം താമസിക്കുന്ന താലൂക്കിലെ കയർ പ്രവർത്തനത്തിന്റെ രീതി വെച്ചുകൊണ്ട് ചെറുതരം മുതലാളികളും തൊഴിലാളികളും തമ്മിൽ വളരെ വ്യത്യാസമില്ലെന്നാണ്. അതായത് രണ്ടോ മൂന്നോ റാട്ടുവെച്ച കയർ പിരിപ്പിക്കുന്ന ആളിന് അതിന്റെ പ്രവർത്തനത്തിലേക്ക് ആറോ ഏഴോ ആളുകൾ ഉണ്ടായിരിക്കും. അതിൽ മൂന്നും നാലും പേർ വീട്ടുടമസ്ഥന്റെ ആളുകളായിരിക്കും. മജീദ് അതിന്റെ ഉത്പാദകനെന്നും തൊഴിലാളിയെന്നും തിരിച്ച് ഒരു വര വരയ്ക്കാതെ ഒന്നു പറയുമ്പോൾ മറ്റതും കൂടി അടങ്ങുമെന്ന രീതിയിലാണ് പ്രമേയം കൊണ്ടുവന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

തിരുവിതാംകൂറിലും കൊച്ചിയിലും ഉൾപ്പെട്ട 11 താലൂക്കുകളിൽ ഇതു വളരെ പ്രചാരമായി നടക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ ഇതൊരു വെറും തൊഴിലാളിയുടെ വ്യവസായമായിത്തന്നെ നടക്കുന്നുണ്ട്. അതായത് ഇരുപതോ ഇരുപത്തിയഞ്ചോ അഴക്കു തൊണ്ടുകൊണ്ടുപോയി അടിച്ചു ചകിരിയാക്കി കയർ പിരിച്ച് അന്നുതന്നെ കമ്പോളങ്ങളിൽ കൊണ്ടുപോയി വിറ്റ് ഉപജീവിച്ചുവരുന്ന ആളുകളുണ്ട്. വൈക്കം, ചേർത്തല മുതലായ സ്ഥലങ്ങളിലാണ് ഇതു നടക്കുന്നത്. തെക്കോട്ടു രണ്ടും മൂന്നും റാട്ടുവെച്ചു പിരിപ്പിക്കുന്നതായാണ് കാണുന്നത്. ഏതായാലും ഇടത്തരത്തിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് ഇന്നത്തെ നിലയിൽ യാതൊരു പ്രയോജനവും ഇല്ല. ഇന്നു മുന്നൂറ് രൂപ വിലയുള്ള കയർ നാളെ അല്ലെങ്കിൽ ഒരാഴ്ചക്കകം 400 രൂപ ആയാലും ഇതിൽ പ്രവർത്തിക്കുന്ന ആൾക്ക് യാതൊരു ഗുണവും ഇല്ല. ഇതിൽ നിന്നും ഉണ്ടാക്കുന്ന ലാഭം മുഴുവനും നേരിട്ട് എക്സ്പോർട്ട് ചെയ്യുന്ന വ്യവസായികൾക്കോ, അല്ലെങ്കിൽ ഏറ്റവും അടിത്തട്ടിലുള്ള തൊണ്ടുമുടുന്ന മുതലാളിക്കോ ആയിരിക്കും കിട്ടുന്നത്. 100 രൂപ കയറിനു വില കൂടിയാൽ തൊണ്ടിന് ഇരുപതോ ഇരുപത്തഞ്ചോ രൂപ കൂടും. ഒരു കണ്ടി കയറിന് 4000 തൊണ്ട് ആവശ്യമാണ്. അതുകൊണ്ട് തൊണ്ടിന് അമിതമായി വില കൂട്ടുമ്പോൾ ഇതിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് യാതൊരു മേൻമയും സംഭവിക്കുന്നില്ല. അതാണ് ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് കണ്ടുവരുന്ന ഒരു പ്രധാനദോഷം.

ഈ കയർ വ്യവസായത്തിലുള്ള ചില പ്രത്യേകതകൾ ഞാൻ ഇവിടെ പറയാം. അതായത് ഈ വ്യവസായം എങ്ങനെയാണ് ഉദ്ധരിക്കുന്നത്. അതിനു ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്ന മാർഗങ്ങൾ എന്താണ് എന്നിതുകളുടെ ഒരു സ്ഥൂലരൂപം ഞാൻ നൽകാം. കയറുകൊണ്ടുള്ള സാധനങ്ങൾ ധാരാളമായി അന്യരാജ്യങ്ങളിൽ ചെലവാകുന്നുണ്ട്. ആസ്ട്രേലിയ, അമേരിക്ക, ഇംഗ്ലണ്ട്, ഡെൻമാർക്ക് എന്നിവിടങ്ങളിൽ ധാരാളം ചെലവുണ്ട്. വിപണിക്ക് യാതൊരു കുറവുമില്ല. ഈ അടുത്തകാലത്ത് വിപണികൾ പോരാ എന്നുദ്ദേശിച്ച് ഇൻഡ്യ ഗവൺമെന്റിനോട് നിവേദനം നടത്തിയതിന്റെ ഫലമായി കൂടുതൽ ചില രാജ്യങ്ങളെ കൂടി കയർ സാധനങ്ങളുടെ കയറ്റുമതിക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.



വെസ്റ്റേൺ ജർമ്മനി, ഫിൻലാൻഡ് മുതലായ സ്ഥലങ്ങളാണവ. ഇവിടെ ഉണ്ടാക്കുന്ന എല്ലാ കയറിനും വിപണികൾ ഉണ്ട്. ഇന്നുണ്ടാകുന്നതിന്റെ ഇരുപത്തിഞ്ചോ അൻപതോ ശതമാനം ഉത്പാദനം കൂടിയാലും അതിനുള്ള വിപണികൾ നമുക്കു ലഭിക്കും. എല്ലാ രാജ്യങ്ങളും ഇറക്കുമതി കുറയ്ക്കണെന്നും നിർബന്ധം പിടിക്കുന്നതുകൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക രാജ്യത്തിന് കൂടുതൽ കയർ ആവശ്യമാണെന്നിരുന്നാൽ തന്നെയും കച്ചവടക്കാർക്ക് ആ രാജ്യങ്ങളിലെ ഇറക്കുമതി വ്യവസ്ഥകൾക്ക് വിധേയമായി കൂടുതൽ സാധനങ്ങൾ വാങ്ങുവാൻ സാദ്ധ്യമാവാതെയാണിരിക്കുന്നത്. എല്ലാ രാജ്യങ്ങളും കൂടുതൽ ഇറക്കുമതി ചെയ്യുന്നത് അവർക്ക് ആവശ്യമുള്ള എസെൻഷ്യൽ ഗുഡ്സ് ആണ്. നോൺ എസെൻഷ്യൽ ഗുഡ്സിൽ പെടുന്നതാണ് കയർ. കയർ സാധനങ്ങൾ കൂടുതൽ ഇറക്കുമതി ചെയ്യുന്നതിനുള്ള വ്യവസ്ഥ ഇൻഡ്യാ ഗവൺമെന്റും ആ രാജ്യങ്ങളുമായി ചെയ്യാൻ വളരെ പ്രയാസമുണ്ട്. ആവശ്യമുണ്ടെങ്കിലും ഇറക്കുമതി നിയന്ത്രണങ്ങൾ ധാരാളമായുള്ളതുകൊണ്ട് അതിന് അനുസരണമായേ ഇറക്കുമതി ചെയ്യുകയുള്ളൂ. ഇവിടെയുണ്ടാക്കുന്ന കയറിന് ഏതായാലും ധാരാളമായി ചെലവുണ്ട്.

ഇന്നു എല്ലാ രാജ്യങ്ങളിലും ഇറക്കുമതി നിയന്ത്രിക്കുന്നതിൽ വളരെ ശ്രദ്ധിക്കുന്നു. നമ്മുടെ കയർ അന്യദേശങ്ങളിലെ വിപണികളെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ അതേ അവസരത്തിൽ ഇവിടെ ഉണ്ടാക്കുന്നതായ കയറിനും കയർ സാധനങ്ങൾക്കും വില നിയന്ത്രിക്കണമെന്നും പലരും പറയുന്നു. അതുപോലെ തന്നെ തൊണ്ടിന്റെയും വില നിയന്ത്രിക്കണമെന്ന്. ഇതേപ്പറ്റി വളരെ കുറഞ്ഞ ഒരു ചിന്താഗതിയാണ് എല്ലാവരുടെയും ഇടയിലുള്ളത്. അതു ഒരു പക്ഷേ ഇതേപ്പറ്റി ചിന്തിച്ചിട്ടില്ലാത്തതുകൊണ്ടായിരിക്കാം. കയറിന്റെ വില നിയന്ത്രിക്കുന്നതിന് നമുക്കെങ്ങിനെ സാധിക്കും. ഒരുപക്ഷേ നാം നിശ്ചയിക്കുന്ന വിലയ്ക്ക് അവർ വാങ്ങാൻ തയാറില്ലെങ്കിലോ? ഇന്നു നമ്മുടെ കയർ മുന്നൂറ് രൂപയ്ക്കോ അല്ലെങ്കിൽ അതിൽ കൂടിയ വിലയ്ക്കോ മാത്രമേ കൊടുക്കുകയുള്ളൂ എന്നു നിർബന്ധം പിടിക്കുകയാണെങ്കിൽ, കയർ സാധനങ്ങൾ ആവശ്യമുള്ള രാജ്യങ്ങളിൽ അതിനുപകരമായി മറ്റുസാധനങ്ങൾ ഉപയോഗിക്കാൻ ശ്രമിക്കുക സ്വാഭാവികമാണ്. ഇപ്പോൾതന്നെ അതിലേക്ക് അവർ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. അപ്പോൾ നാം വളരെ കുറഞ്ഞ വിലക്ക് കൊടുക്കേണ്ടിവരും. ഇന്നു ഇതിലേക്ക് ഒരുപാധിയായി ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത് വെയർഹൗസ് ആക്ട് അനുസരിച്ച് കയർ വെയർഹൗസിൽ സ്റ്റോക്ക് ചെയ്ത വെയർഹൗസ് മുഖേന അന്യരാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നതിനും അതനുസരിച്ച് വില നിയന്ത്രിക്കുന്നതിനും കയറിന്റെ തരം നന്നാക്കാനുമാണ്.

ഇതേ സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റിൽ നിന്നും നിർദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവിടുത്തെ സാധാരണക്കാരായ കച്ചവടക്കാരും കയറിൽ മായം ചേർത്ത് വിറ്റതു നിമിത്തം അതിന്റെ വില വളരെ കുറഞ്ഞുപോകുന്നതിനിടയായിട്ടുണ്ടെന്നും മറ്റും കച്ചവട പ്രതിനിധികളിൽ നിന്നും പരാതികൾ ഉണ്ടായി. അതുമൂലം വളരെ അധികം ദോഷം ഈ കയർ വ്യവസായത്തിനു ഉണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിന് നിശ്ചയമായും ഈ വെയർഹൗസ് ആക്ട് വളരെ അത്യാവശ്യമായിത്തീരും. ഈ ആക്ട് നടപ്പിലാക്കുമ്പോൾ കയർ മുഴുവനും വെയർഹൗസിൽ ഇറക്കി പാസാക്കി അതിനെ വിദേശവിപണികളിൽ അയക്കുന്നതാണ് വളരെ ഉത്തമം. നിശ്ചയമായും ഈ നടപടികൾമൂലം വ്യാപാരം നഷ്ടപ്പെടുകയില്ല. അതു ചരക്കിന്റെ മതിപ്പിനും ഗുണത്തിനും വ്യാപാരികളുടെ വിലയെ സംബന്ധിച്ചും വളരെ അധികം സഹായിക്കുകയും ചെയ്യും. ഇന്നാണെങ്കിൽ കയർ വലിയ യുറോപ്യൻ കമ്പനിക്കാരും വലിയ മുതലാളിമാരുമാണ് വാങ്ങി അവരുടെ ഫാക്ടറികളിൽ സ്റ്റോക്ക് ചെയ്ത് അന്യരാജ്യങ്ങളിലേക്കയച്ച് അമിതമായ ലാഭം ഉണ്ടാക്കുന്നത്. അതുമൂലം പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ന്യായമായ വില കിട്ടുന്നില്ല. ആ പതിവ് ഭേദപ്പെടുത്തി ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു ഈ വെയർഹൗസ് ആക്ട് വളരെ സഹായകമാണ്. ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന കയർ മുഴുവനും വെയർഹൗസ് മുഖേന മാത്രമേ അന്യരാജ്യങ്ങളിലേക്ക് കയറ്റി അയക്കാവുവെന്നും വെയർഹൗസ് മുഖാന്തിരമെ

വാങ്ങാവൂയെന്നും വെയ്ക്കണം. അങ്ങനെ വരുമ്പോൾ യൂറോപ്യൻ കമ്പനിക്കാരായാലും ശരി വലിയ മുതലാളിമാരായാലും ശരി കയറിനു ഒരു റീസണബിൾ ആയുള്ള വില കൊടുക്കുന്നതിന് നിർബന്ധിതരായിത്തീരും. ഇതിനെ സംബന്ധിച്ചു ചിലർ എന്നോടു തന്നെ ചില സംശയങ്ങൾ ചോദിക്കുകയുണ്ടായി. ഈ കയർ വ്യവസായം കേരളത്തിൽ മാത്രമാണല്ലൊ ധാരാളമായിട്ടുള്ളത്. അതുകൊണ്ട് വില വർദ്ധിപ്പിച്ചാൽ യാതൊരു തരക്കേടും വരാനില്ല. ഈ സംഗതിയെ സംബന്ധിച്ചുകൂടി രണ്ടു വാക്ക് പറയണമെന്നു ഞാൻ വിചാരിക്കുന്നു.

കയർ അന്യരാജ്യങ്ങളിൽ ഫ്ളോർ കവറിംഗിനും മുന്തിരി വള്ളി പടർത്തുന്നതിനും മറ്റും ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തി വരുകയാണെന്നാണ് അറിയുന്നത്. അവർ ഈ കയറിന്റെ വിലക്കൂടുതലും ഗുണക്കുറവും മൂലം അതിന് സബ്സ്റ്റിസ്റ്റ്യൂട്ട് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നു യഥാർത്ഥത്തിൽ മറ്റ് ഒരു രാജ്യത്തെ കയറും ഇവിടത്തെ കയറിനു കിടനിൽക്കുകയില്ല. ആ സ്ഥിതിയ്ക്ക് നമുക്ക് അവരോട് മത്സരിക്കാവുന്നതാണ്. നമ്മുടെ കയറിനുപകരം അവർ എത്ര സബ്സ്റ്റിറ്റ്യൂട്ടുണ്ടാക്കിയാലും ശരിയാവുകയില്ല എന്നുള്ളതും ഒരു പരമാർത്ഥമാണ്. ആ സ്ഥിതിയ്ക്ക് നാം നമ്മുടെ കയർ ശുദ്ധമായി യാതൊരു മായവും ചേർക്കാതെ നല്ലതരത്തിൽ അന്യവിപണികളിൽ അയക്കുന്നപക്ഷം നമുക്ക് റീസണബിളായിട്ടുള്ള വില കിട്ടുന്നതാണ്. എന്റെ അഭിപ്രായത്തിൽ കയർ വ്യവസായം അഞ്ചോ എട്ടോ കൊല്ലത്തേയ്ക്ക് വളരെയധികം അഭിവൃദ്ധിപ്പെടുന്നതിനും സാദ്ധ്യതകളുണ്ട്. സിലോണിലേയോ മറ്റേതെങ്കിലും രാജ്യത്തെയൊ കയർ നമ്മുടെ രാജ്യത്തെ കയറിനോട് കിടപിടിക്കത്തക്കതല്ലെന്നു ഞാൻ പറഞ്ഞല്ലോ. അവിടങ്ങളിലെ കയറിനെക്കാൾ നമുടെ രാജ്യത്തെ കയറിന് ഗുണവും കൂടുതലുണ്ട്. അതാണ് ഞാൻ പറഞ്ഞതുപോലെ ഇവിടെ ഉത്പാദിപ്പിക്കുന്ന കയർ വെയർഹൗസ് മുഖേന വാങ്ങുകയും വിൽക്കുകയും ചെയ്യുകയാണെങ്കിൽ കയറിന്റെ വിലയും ഗുണവും നിലനിറുത്താൻ നമുക്ക് സാധിക്കുന്നു എന്നു ഞാൻ ചൂണ്ടിക്കാണിച്ചത്.

എന്റെമാന്യസ്നേഹിതൻഉദയഭാനുഇവിടെതൊണ്ട് കൺട്രോൾ ചെയ്താൽ നന്നായിരിക്കുമെന്നു അഭിപ്രായപ്പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞ അഭിപ്രായത്തിന്റെ തത്വത്തോട് യോജിക്കുന്നതിന് എനിക്ക് നിവൃത്തിയില്ല. എന്നാൽ ഇന്ന് ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് ന്യായമായ കൂലി കിട്ടത്തക്കവണ്ണം അതിനുള്ള സാദ്ധ്യതകൾ അന്വേഷിച്ച് പ്രവർത്തിക്കുകയും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ പോളിസി. ഇന്ന് ഒരു കണ്ടി കയർ ഉണ്ടാക്കുന്നതിനു ആവശ്യമുള്ളതായ തൊണ്ടടിച്ചു കയറാക്കി അതു പിരിച്ചെടുക്കുന്നതിനു തൊണ്ണൂറ്റിയഞ്ച് രൂപയ്ക്കും നൂറ്രൂപയ്ക്കുംമദ്ധ്യേയാണ്ചെലവാക്കുന്നത്.എന്നാൽ ഈ തൊഴിലിലേർപ്പെട്ടിരിക്കുന്ന സാധുക്കളായ തൊഴിലാളികൾക്ക് ഒരു ദിവസം കിട്ടുന്ന കൂലി 10 ചക്രം മുതൽ പതിനാല് ചക്രം വരെയാണ്. ഇത്ര മോശമായ ഒരു കൂലിയാണ് അവർക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നത് എന്നുള്ള പരമാർത്ഥം ഏവർക്കും അറിയാവുന്നതാണ്. എട്ട് മണിക്കൂർ പത്ത് മണിക്കൂർ ജോലി ചെയ്യുന്നതിനാണ് ഈ പത്ത് ചക്രവും പതിന്നാലു ചക്രവും കൂലിയെന്നു ഞാൻ പറഞ്ഞത്. ഈ നിലയിൽ ഇന്ന് സാധുക്കളായവരുടെ കൂലിയുടെ തോത് ഉയർത്തുക തന്നെവേണം. അതിലേക്ക് ഇതൊരു കുടിൽ വ്യവസായം എന്ന വിധത്തിൽ പരിഷ്ക്കരിക്കുകയും ശരാശരി ഒരാളിന് കുറഞ്ഞത് മുക്കാൽ രൂപയെങ്കിലും കിട്ടാനുള്ള സാദ്ധ്യതകൾ ഉണ്ടാക്കുകയും വേണം. മുമ്പ് ഞാൻ പറഞ്ഞതുപോലെ വെയർഹൗസ് മുഖേന വ്യാപാരം നടത്തുകയാണെങ്കിൽ തീർച്ചയായും ഒരുകണ്ടി കയറിന് 130 രൂപ മുതൽ 140 രൂപ വരെ ജോലി കൂലി കൊടുക്കുവാൻ സാധിക്കും. ഏതായാലും എന്റെ അഭിപ്രായത്തിൽ തൊണ്ടിന്റെ വില പ്രത്യേകമായി കൺട്രോൾ ചെയ്യേണ്ട ആവശ്യമില്ല എന്നാണ്.

ഒന്നാമതായി വെയർഹൗസ് ആക്ട് നടപ്പിലാക്കണം. ഇന്ന് ഒരു വെയർഹൗസ് ആക്ട് അതായത് 121 ലെ വെയർഹൗസ് ആക്ട് പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ അതിന്റെ പ്രവർത്തനം ഇന്നത്തെ പരിതസ്ഥിതികളെ നേരിടാൻ പര്യാപ്തമല്ല. വെയർഹൗസ് ആക്ടിന്റെ പരിധിയിൽ നിന്നും ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന മുതലാളിമാർക്ക് ഒഴിഞ്ഞുമാറി നിൽക്കത്തക്ക തരത്തിലുള്ള വ്യവസ്ഥകളാണ് ഇന്നത്തെ വെയർഹൗസ് ആക്ടിൽ ഉള്ളത്. ആ ആക്ടിനെ മോഡിഫൈ ചെയ്ത് ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന എല്ലാ മുതലാളിമാരേയും ഈ ആക്ടിനകത്തുതന്നെ ഉൾക്കൊള്ളിക്കത്തക്കവിധം വേണ്ട വ്യവസ്ഥകൾ ഉണ്ടാക്കേണ്ടത് ആവശ്യമാണ്.

അങ്ങനെ ഈ വെയർഹൗസിൽ കൂടി കയർ വ്യവസായം നടത്തുകയാണെങ്കിൽ ഞാൻ മുമ്പ് പറഞ്ഞതുപോലെ കയറിന്റെ വില മുന്നൂറോ മുന്നൂറ്റി അമ്പതോ രൂപയെന്നു സ്റ്റെഡിയായി നിറുത്തുവാൻ നമുക്ക് സാധിക്കും (Reasonable Price).

ഇന്ന് പല സ്ഥലങ്ങളിലും തൊണ്ട് മൂടുന്നതു വലിയ മുതലാളിമാരാണ്. കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, തൃക്കുന്നപ്പുഴ മുതലായ സ്ഥലങ്ങളിൽ ലക്ഷക്കണക്കിനുള്ള തൊണ്ട് മുടുന്നുണ്ട്. അങ്ങനെയുള്ള തൊണ്ടു മുതലാളിമാർ ധാരാളം ഉണ്ട്. ഈ തൊണ്ട് മുതലാളിമാർ തൊഴിലാളികളടങ്ങിയ ഈ സഹകരണ സംഘങ്ങളിൽ ചേരുമോയെന്നുള്ളതു സംശയമാണ്. കാരണം അവർ സഹകരണ സംഘത്തിൽ ചേർന്നാൽ അവർ മുടുന്നതായ തൊണ്ട് നിശ്ചിത വിലയ്ക്ക് കൊടുക്കേണ്ടതായി വരും. അപ്പോൾ ഇന്നവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ലാഭം കിട്ടുകയില്ല. ഈ കയറു തന്നെ അഞ്ചോ ആറോ തരത്തിലാണ് തരം തിരിക്കപ്പെടുന്നത്. ആലപ്പാടൻ, ആറാട്ടുപുഴ, വൈക്കം, കടപ്പുറം മുതലായ അഞ്ചോ ആറോ തരങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഈ സ്ഥലങ്ങളെ ഓരോ ഏരിയയായി വിഭജിച്ച് ഓരോ യൂണിറ്റാക്കി അവിടെ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തിയാൽ എന്താണെന്ന് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. തൊഴിലാളികൾ അതിൽ ചേരുമെന്നുള്ളതിന് യാതൊരു സംശയവും തോന്നുന്നില്ല. പിന്നെ മുതലാളിമാർ കൂടി ഇതിൽ സഹകരിക്കുകയാണെങ്കിൽ ഇതുവളരെ എളുപ്പം ഉണ്ട്.

ഞാൻ ഇപ്പോൾ പറഞ്ഞത് വളരെ വ്യക്തമാണെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ പറഞ്ഞത് ഈ മാതിരി സഹകരണ സംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ അതിൽ ചെറിയ തരം മുതലാളിമാരേയും പ്രൊവൈഡ് ചെയ്യാൻ സാധിക്കുമെന്നാണ്.



അവരുടെ ജോലിക്കാരേയും ഈ സഹകരണസംഘത്തിലേക്ക് ചേർക്കാവുന്നതാണ്. ചില വലിയ മുതലാളിമാർക്ക്അറുന്നൂറുംഎഴുന്നൂറുംസ്പിൻഡിൽസുണ്ടായിരിക്കും. ചിലർക്ക് അമ്പതോ അറുപതോ സ്പിൻഡിൽസുമാത്രമേ കാണുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ ഇടത്തരക്കാരായ മുതലാളിമാരുടെ കാര്യം ഇതിൽ പ്രത്യേകം പ്രസ്താവിച്ചത്. അതേപ്പറ്റി അന്വേഷിച്ചതിൽ പ്രധാനപ്പെട്ട എല്ലാ വൻകിട മുതലാളിമാരും ഇതിൽ ചേരാൻ തയാറാണെന്നാണ് എന്നോടു പറഞ്ഞത്.

അവർ കേവലം മിതമായ ഒരു ലാഭം കിട്ടണമെന്ന് ആഗ്രഹിക്കുന്നുള്ളുവെന്നും ആ വ്യവസ്ഥയിൽ തൊണ്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് കൊടുക്കാൻ തയാറാണെന്നുമാണ് അവർ എന്നോടു പറഞ്ഞത്. ഇങ്ങനെ അവർ അഴുക്കുന്ന തൊണ്ട് ഈ സൊസൈറ്റിയ്ക്ക് സപ്ലൈ ചെയ്യുന്ന വ്യവസ്ഥകൂടി ബൈലാസിൽ ഉൾപ്പെടുത്തി മുമ്പോട്ട് പോവുകയാണെങ്കിൽ കഴിയുന്നതും വേഗത്തിൽ ഈ കയർപിരി പ്രസ്ഥാനം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ യാതൊരു പ്രയാസവുമില്ല. അല്ലാത്തപക്ഷം ഈ പ്രസ്ഥാനം വിജയിക്കണമെങ്കിൽ രണ്ട് സംഗതി ആവശ്യമാണ്. ഒന്നാമത്തേത് അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് വേണം. അഴുക്കതൊണ്ട് എളുപ്പം കിട്ടുകയില്ല. ഏഴെട്ടുമാസം കൊണ്ട് തൊണ്ട് അഴുകിവരികയുള്ളൂ. അത്രയും കാലം നാം കാത്തിരിക്കേണ്ടിവരും. അല്ലെങ്കിൽ തൊണ്ടഴുക്കിലിട്ടിരിക്കുന്ന ഇന്നത്തെ മുതലാളിമാരോട് ആവശ്യപ്പെടേണ്ടിവരും. അവർ പറയുന്ന വിലയ്ക്ക് ഈ സൊസൈറ്റിക്കാർ അവരിൽ നിന്നും തൊണ്ടെടുക്കേണ്ടിവരും.

ഇന്നത്തെ നിലക്ക് ഏറ്റവും പ്രായോഗികമായ ഒരു പോംവഴി, തൊണ്ടഴുക്കിലിട്ടിരിക്കുന്ന ഈ മുതലാളിമാരെകൂടി ഉൾപ്പെടുത്തി, അവരുടെ മുതലും മിതമായ ലാഭവും ചെറിയ ഒരു പലിശയും കൂടി ചേർന്നുവരുന്ന വിലയ്ക്ക് തൊണ്ട് കൊടുത്ത് കൊള്ളാമെന്ന് സമ്മതിപ്പിച്ചു സൊസൈറ്റികൾ രൂപീകരിക്കുക എന്നുള്ളതാണ്.


## പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**



## ചരിത്രത്തിലൂടെ കയർ (3)

ശ്രീവർദ്ധൻ നമ്പൂതിരി,
മാർക്കറ്റിംഗ് മാനേജർ,
കയർഫെഡ്

# കയറിന്റെ ബ്രിട്ടീഷ് കാലം

1800 മുതൽ 1947 വരെയുള്ളകാലയളവ് കയർ വ്യവസായം പൂർണമായും ബ്രിട്ടീഷ് ആധിപത്യത്തിലായിരുന്നു. ഈ കാലയളവിലാണ് ആലപ്പുഴയിലെ ആദ്യ കയർ ഫാക്ടറിയായ ഡാറാസ് ആൻഡ് സ്മെയിൽ കമ്പിനി നിലവിൽ വന്നത്.

ഈ കാലയളവിൽ കയറിന്റെ വിപണി ഏതാണ്ട് പൂർണമായും കയറ്റുമതി കേന്ദ്രീകൃതമായിരുന്നു. ഉത്പാദനത്തിനേക്കാളേറെ വിദേശവിപണി ഉണ്ടായിരുന്നതും ആഭ്യന്തരചരക്ക് ഗതാഗതം അത്രകണ്ട് വിപുലമല്ലായിരുന്നതുമായിരുന്നു ഇതിന് കാരണം. കൊച്ചിയിൽ ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് മദ്രാസ്, കൽക്കട്ട എന്നിവിടങ്ങളിലെ പോലെ ഫാക്ടറി ഇല്ലാതിരുന്നതിനാൽ കയറ്റുമതി നടന്നിരുന്നത് മുഴുവൻ 'ഷിപ്പിംഗ് ഹൗസുകൾ' മുഖാന്തിരം ആയിരുന്നു.

ആദ്യകാലങ്ങളിൽ കയർ കൈകൾ കൊണ്ടാണ് ബണ്ടിൽചെയ്തിരുന്നത്, പിന്നീട് പിയേഴ്സ് ലെസ്ലി എന്ന കമ്പനി 1895 ൽ കൊച്ചിയിലാദ്യമായി ഹൈഡ്രോളിക് ബെയ്ലിംഗ് പ്രസ് സ്ഥാപിച്ചു. മലബാർ തനിമയുള്ള കയറിനങ്ങൾ ബെയിൽ ചെയ്ത് കയറ്റുമതി നടത്തുന്നതിനായി ആസ്പിൻവാൾ എന്ന കമ്പനി 1924 ൽ കോഴിക്കോട് ബെയ്ലിംഗ് പ്രസ് സ്ഥാപിച്ചിരുന്നു. 1.1 ഘനമീറ്റർ വ്യാസം ഉണ്ടായിരുന്ന 150 കിലോഗ്രാം ബെയ്ൽ, ഹൈഡ്രോളിക് സഹായത്തോടെ പ്രസ് ചെയ്തുവെറും 0.35 ഘനമീറ്റർ ആയി മാറ്റുക വഴി ചരക്കുനീക്കത്തിൽ അറുപതു ശതമാനത്തിലേറെ ലാഭമുണ്ടാക്കുവാൻ ഈ കമ്പനികൾക്ക് സാധിച്ചു.

1920കൾ വരെ കയർ കൺസൈൻമെന്റ് വ്യവസ്ഥയിൽ യൂറോപ്പിൽ എത്തിക്കുകയും, അവിടെ ലേലം ചെയ്തു വിൽക്കുകയുമായിരുന്നു പതിവ്, ഇതുവഴി കമ്പനികൾക്ക്, അവർക്കു കയറിന് ലഭിക്കുന്ന യഥാർത്ഥ വിലയും ലാഭവും തദ്ദേശീയരിൽ നിന്നും മറച്ചുവെക്കുവാനും കഴിഞ്ഞു. ബ്രിട്ടീഷ് ഭരണകാലത്ത് കായലുകളെയും നദികളെയും മറ്റും ബന്ധിച്ചു കേരളത്തിൽ ആകെ 200 മൈൽ നീളംവരുന്ന 14 പുതിയ കനാലുകൾ സ്ഥാപിച്ചതായി ചരിത്ര രേഖകൾ പറയുന്നു. കൂടാതെ തിരുവിതാംകൂർ, കൊച്ചി മേഖലകളിൽ ചെറുതും വലുതുമായ പത്തൊൻപതോളം പോർട്ടുകളും ഉണ്ടായിരുന്നു. ഇവയെല്ലാം പ്രധാനമായും കയറിന്റെ സുഗമമായ ചരക്കു നീക്കത്തെയും വ്യാപാരത്തെയും മുന്നിൽ കണ്ട് വികസിപ്പിച്ചവയായിരുന്നു.




*ഡാറാസ് ആൻഡ് സ്മെയിൽ കമ്പനി എന്ന സ്ഥാപന ത്തിന്റെ സ്ഥാപകരായ ജെയിംസ് ഡാറാ, ഹെന്റി സ്മെ യിൽ എന്നിവർ*




*ഡാറാസ് ആൻഡ് സ്മെയിൽ കമ്പിനിയുടെ ആദ്യ കാല പരസ്യങ്ങളിൽ ഒന്ന്.*

ഈ കാലയളവിൽ ബാങ്ക് ഓഫ് മദ്രാസ് ഉൾപ്പടെ പല ധനകാര്യ സ്ഥാപനങ്ങളും കൊച്ചി, ആലപ്പുഴ എന്നിവടങ്ങളിൽ ബ്രാഞ്ച് ആരംഭിക്കുകയും കയർ വ്യവസായത്തിന് പണം അനുവദിക്കുകയും ചെയ്തി രുന്നുവെങ്കിലും, ബാങ്കുകൾ, ഷിപ്പിംഗ് ഹൗസുകൾ എന്നിവ, കയർ കയറ്റുമതിയിൽ തദ്ദേശീയരെ ഒട്ടും പ്രോത്സാഹിപ്പിച്ചിരുന്നില്ല. ഏതെങ്കിലും ബ്രിട്ടീഷ് കമ്പ നിയുടെ ഗ്യാരണ്ടിയില്ലാതെ ഒരു പ്രാദേശിക സ്ഥാ പനത്തിനും നേരിട്ട് അന്ന് കയറ്റുമതി നടത്തുവാൻ സാധിച്ചിരുന്നില്ല. ബ്രിട്ടീഷ് ഭരണം അവസാനിക്കു മ്പോൾ ഇന്ത്യയിലെ ആകെ കയറ്റുമതിയിൽ ഒൻപതാം സ്ഥാനം ഉണ്ടായിരുന്ന കയർ പിന്നീട് കയറ്റുമതിയിൽ പല കാരണങ്ങളാൽ പിൻതള്ളപ്പെടുകയായിരുന്നു.

*(തുടരും...)*

*(പേജ് 19ൽ നിന്നും തുടർച്ച)*




*കയർ മേഖലയിലെ വികസന ക്ഷേമ ആനുകൂല്യങ്ങളുടെ വിതരണം ചെയ്യുന്ന ചടങ്ങിൽ കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ പ്രസംഗിക്കുന്നു. മന്ത്രി പി. രാജീവ്, പി.പി.ചിത്തരഞ്ജൻ.എം.എൽ.എ, മുൻ മന്ത്രി പി.തി ലോത്തമൻ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ.ഗണേശൻ, കയർ വികസന ഡയറക്ടർ വി.ആർ.വിനോദ് എന്നിവർ സമീപം*

# ക്ഷേമപെൻഷൻ വിതരണോദ്ഘാടനം

**ക**യർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി സർ ക്കാർ നൽകുന്ന 2 മാസത്തെ ക്ഷേമപെൻഷൻ വിത രണോദ്ഘാടനവും നിർവഹിച്ചു. ഇതിനായി 24.48 കോടി രൂപ അനുവദിച്ചു. 2021 ജൂലൈ, ആഗസ്റ്റ് മാസ ങ്ങളിലെ പെൻഷൻ തുകയായ 3,200 രൂപ പ്രകാരമാണ് ഇത്തരത്തിൽ നൽകുന്നത്. 76500 തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാകും. രണ്ടാംഘട്ട കോവിഡ് ലോക് ഡൗണിനെ തുടർന്ന് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായവർക്ക് 1000 രൂപ വീതമുള്ള ധനസഹായ വിതരണവും നടന്നുവരുകയാണ്.

40,000 ത്തോളം തൊഴിലാളികൾക്ക് തുക ഇതിന കം വിതരണം ചെയ്തു. കയർ കോർപറേഷൻ പി.പി. എസ്.എസ് പദ്ധതിപ്രകാരം ഉത്പന്ന സംഭരണം ആരം ഭിക്കൽ, കയർഫെഡ് വഴിയുള്ള കയർ വില സംഘ ങ്ങൾക്ക് നൽകൽ എന്നിവയും ചടങ്ങിൽ നിർവഹിച്ചു. കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ, മുൻ മന്ത്രി പി. തിലോത്തമൻ, കയർ കോർപ്പറേഷൻ മുൻ ചെയർമാൻമാരായ ആർ. നാസർ, ടി.കെ. ദേവകുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, കയർ വിക സന ഡയറക്ടർ വി.ആർ. വിനോദ്, വിവിധ തൊഴിലാളി സംഘടനാ നേതാക്കൾ, കയർസംഘങ്ങളുടെ പ്രതിനി ധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കയർഫെഡി ന്റെ ഓണം പ്രത്യേക വിൽപ്പന പദ്ധതികളുടെ ഉദ്ഘാ ടനവും ചടങ്ങിൽ നിർവഹിച്ചു.

കഥ





# പ്രകൃതി സൗഹൃദ സദാചാര കമ്മറ്റി

ജ്യോതി ടാഗോർ

**സ്**കൂൾ മാനേജ്മെന്റ് കമ്മറ്റിയിൽ തർക്കം രൂക്ഷമായപ്പോൾ അദ്ധ്യക്ഷൻ മേശമേലടിച്ചു ശബ്ദമുണ്ടാക്കി. മേൽക്കൂരയിലെ പ്രാവുകൾ വലിയ ശബ്ദത്തോടെ പറന്നുയർന്നു. ഇതൊന്നും തങ്ങളെ ബാധിക്കുന്നതല്ലെന്ന ഭാവത്തിൽ വീണ്ടും ഓരോന്നു പറഞ്ഞു കൊണ്ടിരുന്ന കമ്മറ്റിയംഗങ്ങൾക്ക് മുന്നിൽ ഹെഡ്മിസ്ട്രസ് നിന്നു വിയർത്തു. അവരുടെ മുഖത്തിന് നേരെ കൈചൂണ്ടി, ഒരാൾ കത്തിക്കയറുകയാണ് – ''നിങ്ങളൊക്കെ ഏത് കാലഘട്ടത്തിലാണ് ഹേ... ജീവിക്കുന്നത് ഒരു വികസനപ്രവർത്തനം നടത്തുമ്പോൾ അത് പ്രകൃതി സൗഹൃദമാണോന്ന് നോക്കാനുള്ള ബാധ്യതയില്ലേ..?!''

''അല്ല... സർ, കെട്ടിടത്തിന്റെ മെയിന്റനൻസ്... '

വിഷയമവതരിപ്പിച്ച പ്രഥമാദ്ധ്യാപിക മുഴുമിപ്പിക്കുമുമ്പേ മറ്റൊരാൾ ചാടിയെഴുന്നേറ്റു.

''ടീച്ചറിങ്ങനെ ന്യായീകരിക്കാൻ ശ്രമിക്കരുത്. കോൺക്രീറ്റ് കെട്ടിടം സ്കൂളിന്റെ പ്രൗഢി തന്നെയില്ലാതാക്കും'' ചുറ്റുമൊന്ന് നോക്കി, തന്റെ വാദത്തിന് പിന്തുണ തേടും പോലെ അയാൾ മുഴുമിപ്പിച്ചു

'100 വർഷം പഴക്കമുള്ള സ്ക്കൂളാണേയ്...'

'കുട്ടികൾ ഓടിട്ട കെട്ടിടത്തിൽ തന്നെയിരുന്നു പഠിക്കട്ടെ ടീച്ചറെ...' മറ്റൊരാളുടെ വക അഭിപ്രായം.

''രാജാക്കന്മാർ പണിത കെട്ടിടമാ... നിക്കണ നിപ്പ് കണ്ടാ... ഇന്നത്തെക്കാലത്തൊണ്ടാക്കിയത് പൊളിഞ്ഞാലും ഇതൊക്കെ ഇങ്ങനങ്ങ് നിക്കും.. ' ഏതോ പ്രജയുടെ ആത്മഗതം. പ്രാദേശികനേതാവായ അദ്ധ്യക്ഷൻ ആ അഭിപ്രായം പറഞ്ഞവനെ നോക്കി ഒന്നിരുത്തി മൂളി.

''അതെ... ആ കെട്ടിടമാണ് സ്ക്കൂളിന്റെ പഴമയും പ്രൗഢിയും നിലനിർത്തുന്നത്. അത് പൊളിക്കുന്നതിനെക്കുറിച്ച് ആലോചിക്കയേ വേണ്ട...' ഡൈ ചെയ്ത് മുടിയാകെ ചെമ്പിച്ചു പോയ ഒരു വൃദ്ധൻ.

''ആഗോളതാപനത്തിന്റെ കാലത്ത് കോൺക്രീറ്റ് കെട്ടിടങ്ങൾ വെച്ച് കൂട്ടുന്നതത്ര നല്ല കാര്യമല്ല.'' ഇനിയുമൊരാൾ തീർപ്പ് കല്പിച്ചു.

''പക്ഷേ.... ' അദ്ധ്യക്ഷൻ ഇടപെട്ടു. ''പ്രാവിന്റെ കാഷ്ഠം വീഴുന്ന പ്രശ്നമോ?''

''സീലിംഗ് ചെയ്താൽ പോരെ?'' കൂട്ടത്തിൽ കുനിഞ്ഞിരുന്നാരോ വിളിച്ചുകൂവി.

''എങ്കിൽ അങ്ങനെയാവാം'' എന്ന് അദ്ധ്യക്ഷൻ.

''ഏയ്... അത് പറ്റില്ല'' മരണവെപ്രാളത്തോടെ ഒരു സ്ത്രീ ചാടിയെഴുന്നേറ്റു.

''അതെന്തേ?!'' എന്ന് എല്ലാവരും.

'' മച്ചിട്ടാൽ നെറയെ എലീം മരപ്പട്ടീമാരിക്കും. എലിപ്പനിയും പക്ഷിപ്പനിയും... ഇല്ലാത്ത രോഗങ്ങളൊന്നുമില്ല '

'അതും ശരിയാ...'. എന്ന് പൊതുസമ്മതം.

താനിവിടുത്തെ ആശാവർക്കറാണെന്ന വെളിപ്പെടുത്തൽ കൂടി നടത്തിയിട്ട് ആ സ്ത്രീ ഇരുന്നു.

സീലിംഗ് വേണ്ടെന്ന് തീരുമാനത്തോടെ ചർച്ച വഴിമുട്ടി. പക്ഷേ, പ്രാവിൻ കാഷ്ഠം ചർച്ച എങ്ങുമെത്താതെ നീളവെ, പ്രകൃതിസൗഹൃദ പ്രൊജക്ടിന് വേണ്ടി വാദിച്ചയാൾ വീണ്ടും എണീറ്റു. എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ട് തിരിഞ്ഞു.

''കെട്ടിടം എന്തായാലും പ്രകൃതി സൗഹൃദം തന്നെയാകണം, അതിൽ തർക്കമില്ല. പ്രാവ് ഒരു പ്രശ്നമായസ്ഥിതിക്ക് നമുക്കവറ്റകളെയങ്ങ് കൊന്ന് കളഞ്ഞാലോ...'

അയാളുടെ അഭിപ്രായത്തോട് എല്ലാവരും യോജിപ്പിലെത്തി, യോഗം അവസാനിച്ചു.

അവർ പിരിയാൻ കാത്ത് പ്രാവുകൾ ആകാശത്ത് പാറി നടന്നു.

# ഉളി




ഡി.ബി. അജിത്കുമാർ

ഉളികൊണ്ടെന്നെ നീ
തൊടരുത് മേലിൽ
വെറുമൊരു  വെൺകൽ
പ്രതിമയാക്കുവാൻ

ഉളികൊണ്ടെന്നെ നീ
തൊടരുത് മേലിൽ
നിനക്ക സാധ്യമീ
കറുത്ത കല്ലിതാ
മഴവെയിലേറ്റ് പൊടിയട്ടെ
കൊടും ഇടിമിന്നലേറ്റ് പിളരട്ടെ
പിന്നെ പുഴ ഒഴുക്കിനാൽ
നുറുങ്ങട്ടെ, മേലിൽ
ഉളികൊണ്ടെന്നെ നീ തൊടരുത്.

എനിക്ക് കിന്നരിത്തലപ്പാവോ
ചേറും മണലുമൊട്ടിയ
മുടിയാണേന്റെത്
കനത്ത കൈകളിൽ
ശരങ്ങളോ  വില്ലോ
കടയറ്റു പോയപ്പെരുവിരലെങ്ങോ?
ചലനമായി ദ്രുത-
ശിവനടനമായി
നടന്നവനേതു  സുവർണ്ണപാദുകം
എനിക്കുവേണ്ട നിൻ
മിനുത്ത പട്ടിന്റെ ഉടയാട
പൊട്ടിപ്പൊളിഞ്ഞ മാംസത്തിൽ
പുളയുന്നിപ്പോഴും പഴയ ചാട്ടവാർ

ഉളികൊണ്ടെന്നെ നീ
തൊടരുത് മേലിൽ








## സമരത്തിലും ഭരണത്തിലും വിപ്ലവനക്ഷത്രം

# കെ.ആർ.ഗൗരിയമ്മ

*'സർ, ചേർത്തല താലൂക്കിൽ പട്ടിണി എന്നത് ഒരു പുതുമയല്ല. കയറുവ്യവസായം അധഃപതിച്ച കാലത്തെല്ലാം ഇവിടെ പട്ടിണി സാധാരണമാണ്. തിരുവിതാംകൂറിൽ എന്നെല്ലാം പട്ടിണി ഉണ്ടായിട്ടുണ്ടോ, എന്നെല്ലാം ക്ഷാമം ഉണ്ടായിട്ടുണ്ടോ, അന്നെല്ലാം ദുരന്തമനുഭവിച്ചത് ചേർത്തലക്കാരാണ്. ഈ പട്ടിണിക്ക് ശാശ്വത പരിഹാരമുണ്ടാക്കും എന്ന് പറഞ്ഞവരാണ് കോൺഗ്രസുകാർ. കോൺഗ്രസ് അധികാരത്തിൽ വന്ന് വർഷം അഞ്ചുകഴിഞ്ഞിട്ടും എന്തെങ്കിലും മാറ്റമുണ്ടോ? ഇല്ല എന്നു മാത്രമല്ല നാട്ടിലെ പ്രധാന വ്യവസായം തകർന്നു. ആർക്കും പണിയില്ലാതായി. മേയാത്ത വീടുകളുടെ എണ്ണം കൂടി. പട്ടിണി മരണങ്ങൾ തന്നെ സംഭവിച്ചു. ഒരു പൈസയെങ്കിലും വരുമാനം കൂട്ടാൻ ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ടോ? തൊണ്ണൂറുശതമാനം സ്ത്രീകളും കയറുപിരിക്കുന്ന നാടാണ്. തൊണ്ടിന്റെ വില കൂടിയതിനാലും കയറിന്റെ പിണി കൂട്ടിയിടേണ്ടി വന്നതിനാലും വൈകുന്നതുവരെ പണിയെടുത്താലും കിട്ടുന്നത് മൂന്നണയാണ്. ഇതുകൊണ്ട് എങ്ങനെ ജീവിക്കും?ഇന്നാട്ടിലെ സ്ത്രീകൾ എങ്ങനെ വീടുപുലർത്തും?'*

കേരളനിയമസഭയുടെ ആർക്കൈവ്സിലെ രേഖകൾ പരിശോധിക്കുന്ന ആർക്കും തിരുക്കൊച്ചി സഭയിൽ ഉയർന്ന ഉറച്ച സ്ത്രീ ശബ്ദം അനേകം തവണ കേൾക്കാനാകും. വിദ്യാർത്ഥി ജീവിതഘട്ടത്തിൽ തന്നെ കർമരംഗത്തേക്കും സമരരംഗത്തേയ്ക്കുമിറങ്ങി, നൂറുവയസ്സു പിന്നിട്ട ഘട്ടത്തിലും ഗൗരിയമ്മ ഉറച്ച നിലപാടുകളോടെ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചു കാലയവനികക്കുള്ളിൽ മറഞ്ഞ കേരളത്തിന്റെ ധീര പുത്രി കെ.ആർ. ഗൗരിയമ്മയുടെ ശബ്ദമാണത്.

നവകേരളം രൂപപ്പെടുത്തിയെടുത്തുന്നതിൽ, കേരളമെന്ന ചെറു സംസ്ഥാനത്തിന്റെ യശസ്സ് ലോകമെമ്പാടും എത്തിക്കുന്നതിൽ, വിഖ്യാതമായ കേരളാ മോഡൽ എന്ന പ്രചാരം നേടിയ മാതൃക സൃഷ്ടിച്ചതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിച്ച സാക്ഷാൽ കെ.ആർ. ഗൗരിയുടെ ശബ്ദം.

വക്കിൽ പഠനം കഴിഞ്ഞ് ചേർത്തല കോടതിയിൽ തരക്കേടില്ലാത്ത പ്രാക്ടീസുമായി മുന്നോട്ടു പോകുകയും ഒഴിവ് സമയങ്ങളിൽ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഇടപെടുകയും ചെയ്തിരുന്ന ചെയ്തിരുന്ന ഗൗരിയമ്മ കയർത്തൊഴിലാളികൾക്കു വേണ്ടിയാണ് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകയായി മാറിയത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കെ.ആർ. ഗൗരിയമ്മയെന്ന വിപ്ലവ നക്ഷത്രത്തെ രാഷ്ട്രീയ കേരളത്തിന് സംഭാവന ചെയതത് ഇന്നാട്ടിലെ കയർത്തൊഴിലാളി പ്രസ്ഥാനമാണ്. 1948ൽ കതൽക്കട്ട പ്രമേയത്തെ തുടർന്ന് കമ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെടുകയും പാർട്ടി നേതാക്കളപ്പാടെ ഒളിവിലോ പോലീസ് കസ്റ്റഡിയിലോ ആയ നാളുകളിലാണ് ഗൗരിയമ്മ കയർത്തൊഴിലാളി പ്രസ്ഥാനത്തിന്റെ നടു നായകത്വം ധീരമായി ഏറ്റെടുത്തത്. അറസ്റ്റും കൊടിയ മർദ്ദനവും ഭരണകൂടം കമ്യൂണിസ്റ്റുകൾക്കെതിരെ അഴിച്ചു വിട്ടപ്പോൾ ട്രേഡ് യൂണിയൽ നേതാക്കളെല്ലാം കൽത്തുറുങ്കിലോ ഒളിയിടങ്ങളിലോ അടയ്ക്കപ്പെട്ടു. തൊഴിലിടങ്ങളിൽ നഗ്നമായ

മനുഷത്വ ലംഘനങ്ങൾ നടത്താൻ മുതലാളിമാർക്ക് ഇതൊരവസരമായി. തൊഴിലാളികൾക്കുവേണ്ടി സംസരിക്കാൻ നേതാക്കലില്ലാത്ത ഈ അവസ്ഥയിലാണ് തെളിവിൽ പ്രവർത്തിച്ചിരുന്ന ഗൗരിയമ്മയെ ചേർത്തല -മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയലൻ അടക്കമുള്ള വിവിധ കയർത്തൊഴിലാളി സംഘടനകളുടെ നേതൃസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. പ്രസിഡന്റ് ആയ ടി.വി. തോമസിന്റെ അസാന്നിദ്ധ്യത്തിൽ തിരുവതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയന്റെ വൈസ് പ്രസിഡന്റായി സ്ഥാനമേറ്റെടുത്തു ആ മഹാപ്രസ്ഥാനത്തേയും ഇക്കാലയളവിൽ ഗൗരിയമ്മ നയിച്ചു.

അക്കാലത്ത് നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ട കയർഫാക്ടറി വർക്കേഴ്സ് യൂണിയനുകളുടെ പ്രവർത്തനം അധികാരികളുടെ കണ്ണുവെട്ടിച്ച് അതീവ ക്ലേശകരമായ സാഹചര്യങ്ങളിൽ ഗൗരിയമ്മ വിജയപൂർവം നടത്തി വന്നു. മർദ്ദനം നടക്കുന്ന ഇടങ്ങൾ സന്ദർശിച്ച് തൊഴിലാളികൾക്ക് ആത്മവീര്യം പകരുക കേസുകരായങ്ങൾക്കുള്ള ഏർപ്പാടുണ്ടാക്കുക, അറസ്റ്റ് ചെയ്യപ്പെട്ട ആളുകളുടെ വീടുകൾ സന്ദർശിച്ച് ആശ്വാസവും ആത്മ വിശ്വസവും പകരുക, തൊഴിൽത്തർക്കങ്ങളിൽ തൊഴിലാളി പക്ഷത്തു നിന്ന് മുതലാളിമാരോട് പോരടിക്കുക, തർക്കപരിഹാരത്തിനായുള്ള കൂടിയാലോചനകളിൽ തൊഴിലാളി പ്രതിനിധിയായി പങ്കെടുത്ത് അവരുടെ അവകാശങ്ങൾക്കായി ശക്തിയുക്തം വാദിക്കുക തുടങ്ങി നൂറുതരം പ്രശനങ്ങൾക്ക് നടുവിലായി അക്കാലത്ത് ഗൗരിയമ്മയുടെ ജീവിതം. ഇതിനിടയിലാണ് പ്രസിദ്ധമായ ദേവസ്വം ചിറ കയർഫാക്ടറി സമരം. വിലക്കയറ്റത്തിന് ബദലായി കയർത്തൊഴിലാളികൾക്ക് ഡി.എ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ആദ്യസമരമാണ് അന്ന് ചേർത്തലയിൽ അരങ്ങേറിയത്. സമര കേന്ദ്രമായി തെരെഞ്ഞെടുക്കപ്പെട്ടത് ദേവസ്വം ചിറ കയർഫാക്ടറിയും. സമരം തുടങ്ങി ദിവസങ്ങൾ പിന്നിട്ടിട്ടും അധികാരികളോ മുതലാളിമാരോ അങ്ങോട്ടു തിരഞ്ഞ് നോക്കാൻ സന്നദ്ധരായില്ല. മാത്രമല്ല ഫാക്ടറി അടച്ചു പൂട്ടി സാധനങ്ങൾ മറ്റൊരിടത്തേക്ക് മാറ്റാൻ മുതലാളി ശ്രമവും തുടങ്ങി. ഇതിനെ ചെറുക്കാൻ ഫാക്ടറിക്കുള്ളിൽ കുത്തിയിരിപ്പ് സമരം നടത്തിയ തൊഴിലാളികളെ പോലീസ് അറസ്റ് ചെയ്തു. വിവരം അറിഞ്ഞ് വെളുപ്പാൻ കാലത്ത് സമരകേന്ദ്രത്തിൽ ഓടിയെത്തിയ ഗൗരിയമ്മ കാണുന്നത് ഫാക്ടറി അടച്ചുപൂട്ടി അതിനുമുന്നിൽ കുത്തിയ കൊടിയും ഊരിക്കൊണ്ടു പോലീസ് ജീപ്പിൽ കയറാൻ ശ്രമിക്കുന്ന ജോർജ്ജെന്ന പോലീസുകാരനെയാണ്.

പിന്നെ അവിടെ നടന്നത് ജോർജ്ജെന്ന ബലിഷ്ഠനായ പോലീസുകാരനും ഗൗരിയമ്മയും ചെങ്കൊടിക്കുവേണ്ടി നടത്തിയ ഒരുഗ്രൻ മൽപ്പിടുത്തമാണ്. മൽപ്പിടുത്തം മുറുകിയപ്പോൾ ഒരു വശത്ത് തൊഴിലാളികളും മറുവശത്ത് ആയുധധാരികളായ പോലീസുകാരും എന്തിനും തയാറായി പരസ്പരം അടുത്തു. കാര്യങ്ങൾ കൈവിട്ടു പോകുമോയെന്ന് ഭയന്ന് ഇൻസ്പെക്ടർ ആയിരുന്ന വി. രാമൻകുട്ടി നായർ ജോർജ്ജിനെ പിൻതിരിപ്പിച്ച് കൊടി ഗൗരിയമ്മയെ ഏൽപ്പിച്ചു മടങ്ങുകയായിരുന്നു. മാത്രമല്ല അന്ന് വൈകിട്ടുതന്നെ തൊഴിൽ വകുപ്പു കൂടിയാലോചനായോഗം വിളിച്ച് പ്രശ്നം രമ്യമായി പരിഹരിക്കുകയും ചെയ്തു.പോരാട്ട വീര്യവും ധീരമായ നിലപാടുംകൊണ്ട് ദേവസ്വം ചിറ ഫാക്ടറി സമരം വിജയിപ്പിച്ചെങ്കിലും ഈ സമരം ഗൗരിയമ്മക്കും ജയിലിനുള്ളിലേക്ക് വഴിതുറന്നു കൊടുത്തു. നിലവിലുള്ള സർക്കാരിനെതിരെ ജനങ്ങൾക്ക് വെറുപ്പും വിദ്വേഷവും തോന്നിക്കത്തക്കവിധം പ്രസംഗിച്ചു എന്ന കുറ്റത്തിന് രാജ്യരക്ഷാനിയമം അനുസരിച്ച് ഗൗരിയമ്മയെ പിറ്റേന്ന് പോലീസ് അറസ്റ്ചെയ്യുകയും തിരുവനന്തപുരം സെൻട്രൽ ജയിലിൽ അടക്കുകയും ചെയ്തു. അങ്ങനെയെത്രയെത്ര സമരമുഖങ്ങളിൽ അലയടിച്ച, കൽത്തുറുങ്കറകളേയും കാരിരിമ്പുകോട്ടകളേയും വിറപ്പിച്ച പോരാട്ട വീര്യമാണ് തിരുക്കൊച്ചി നിയമസഭയിലും ഉയർന്ന് കേട്ടത്.

തൊഴിലാളി നേതാവെന്ന് നിലയിൽ മാത്രമല്ല നിയമസഭാ സമാജിക എന്ന നിലയിലും ഗൗരിയമ്മ കയർത്തൊഴിലാളികൾക്കായി പോരാടി. അതിന്റെ അനേകം ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ് മേല് പറഞ്ഞ തിരുക്കൊച്ചി നിയമസഭാ പ്രസംഗം. അസാമാന്യ ദൈർഘ്യമുള്ള നിയമസഭാ സാമാജിക ജീവിതമാണ് ഗൗരിയമ്മയുടേത്. 1952-53, 1954-56 ഘട്ടങ്ങളിലെ തിരുകൊച്ചി നിയമസഭകളിലും കേരള രൂപീകരണത്തോടെ അഞ്ചാമത്തേതൊഴികെ ഒന്നു മുതൽ പതിനൊന്നു വരെയുള്ള നിയമസഭകളിലും അവർ അംഗമായി. ഇക്കാലയളവിലെല്ലാം കയർരംഗത്തെ പ്രശ്നങ്ങളിൽ അവർ ഇടപെടുകയും പ്രശ്ന പരിഹാരങ്ങൾക്കായി പരിശ്രമിക്കുകയും ചെയ്തു.

എൺപതുകളുടെ അവസാനത്തോടെ കയർ മേഖല അതിന്റെ ഏറ്റവും വലിയ പ്രതിസന്ധിയ നേരിട്ട കാലത്താണ് 1987ലെ നായനാർ സർക്കാരിൽ കയർ വകുപ്പിന്റെ ചുമതല കെ.ആർ. ഗൗരിയമ്മ ഏറ്റെടുക്കുന്നത്. കാലഹരണപ്പെട്ട ഉത്പാദന രീതിയോട് വിമുഖത പുലർത്തി അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ കയർ വ്യവസായത്തിലേക്ക് കടന്നു വരാതാകുകയും പ്രായമായ തൊഴിലാളികൾ പെൻഷൻ വാങ്ങി വ്യവസായത്തിൽ നിന്ന് വിരമിക്കുകയും ചെയ്യുന്ന സാഹചര്യം മനസിലാക്കി മന്ത്രി ഗൗരിയമ്മയുടെ നിർദ്ദേശാനുസരണം അക്കാലത്ത് കയർ തൊഴിലാളി സെൻസസ് നടത്തുകയുണ്ടായി 3.83 ലക്ഷം തൊഴിലാളികൾ മാത്രമാണ് കയർ വ്യവസായത്തിൽ അവശേഷിക്കുന്നതെന്ന് ഈ സെൻസസിലൂടെയാണ് കണ്ടെത്തിയത്. ഇതിനെ തുടർന്നാണ് വ്യവസായത്തെ സമഗ്രമായി പരിശോധിച്ച് നവീകരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. ടി.എം. തോമസ് ഐസക്ക് അദ്ധ്യക്ഷനായ സ്പെഷ്യൽ ടാക്സ് ഫോഴ്സിനെ നിയോഗിക്കുന്നതും ആ സമിതി വ്യവസായത്തിൽ യന്ത്രവത്കരണം നടപ്പാക്കണമെന്ന ശുപാർശ നൽകിയതും അങ്ങനെ കയർ മേഖലയിൽ ഇന്നു കാണുന്ന കുതിപ്പിന് അടിത്തറയിട്ടതും.

2001 മുതൽ 2006 വരെ നീണ്ട ഐക്യ ജനാധിപത്യമുന്നണി സർക്കാരിൽ കയർ വകുപ്പിന്റെ ചുമതല കയ്യാളിയിരുന്ന ഗൗരിയമ്മ ശ്രദ്ധേയങ്ങളായ പല നടപടികളും സ്വീകരിച്ചിരുന്നു.കേരളത്തിലെ ഏറ്റവും സവിശേഷമായ ആ പോരാട്ട ജീവിതം 2021 മേയ് 11ന് തിരുവനന്തപുരത്തെ പി.ആർ.എസ്. ആശുപത്രിയിൽ അവസാനിച്ചു. പുന്നപ്ര രക്തസാക്ഷികളുടെ ഓർമ്മകൾ അലയടിക്കുന്ന വലിയചുടുകാട് ശ്മശാനത്തിൽ അന്ത്യ നിദ്രകൊള്ളുന്ന ഗൗരിയമ്മ മലയാളികളുടെ വിശിഷ്യാ കയർത്തൊഴിലാളികളുടെ മനസിൽ എക്കാലത്തും ജ്വലിക്കുന്ന ഓർമ്മയാണ്.

***(തയാറാക്കിയത്: പി.വി. വേണുഗോപാൽ)***



*ഇടഞ്ഞുംമൂല കയർ സംഘത്തിന്റെ ഓണാഘോഷവും വിവിധ സഹായപദ്ധതികളും അഡ്വ. വി. ജോയി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

# ഓണാഘോഷവും വിവിധ സഹായധന വിതരണവും

**ചി**റയിൻകീഴ് ഇടഞ്ഞുംമൂല കയർ സഹകരണ സംഘത്തിൽ ഓണാഘോഷവും വിവിധ സഹായധന വിതരണവും, ആദരിക്കലും നടന്നു. ഇടഞ്ഞുംമൂല കയർ സഹകരണ സംഘത്തിൽ ഓണാഘോഷവും, ഓണസദ്യയും തൊഴിലാളികൾക്ക് ബോണസ് വിതരണം, മുതിർന്ന തൊഴിലാളികളെ ആദരിക്കൽ, തൊഴിലാളികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം, എസ്.എസ്.എൽ.സി, പ്ലസ് 2 വിദ്യർത്ഥികൾക്ക് മുഴുവൻ വിഷയത്തിലും എ പ്ലസ് കരസ്ഥമാക്കിയവർക്ക് അവാർഡ് എന്നിവയും നൽകി.

സംഘം പ്രസിഡന്റ് ജി. സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അഡ്വ. വി. ജോയി എം.എൽ.എ ഉദ്ഘാടനം നിർവഹിച്ച് കൊണ്ട് വിവിധ സഹായങ്ങൾ വിതരണം ചെയ്തു. ബിജു ശ്രീധർ സ്വാഗതവും സംഘം സെക്രട്ടറി രജിമോൾ നന്ദിയും രേഖപ്പെടുത്തി.



# പുതിയ ചകിരി മില്ല് ആരംഭിച്ചു

**ര**ണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി സ്വകാര്യമേഖലയിൽ ചകിരിമില്ലുകൾ സ്ഥാപിക്കുന്നതിന് കയർ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതി പ്രകാരം പൊന്നാനി കയർ പ്രോജക്റ്റിന് കീഴിൽ പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ ആളൂർ എന്ന സ്ഥലത്ത് സംരംഭകനായ സി.പി. അനു. മൈ കൊക്കോ ഫാബ് എന്ന പേരിൽ ആരംഭിച്ചിട്ടുള്ള ഡീഫൈബറിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം കോവിഡ് –19 പ്രോട്ടോക്കോൾ പാലിച്ച് കയർ പ്രോജക്ട് ആഫീസർ ശശീന്ദ്രൻ. ബി. നിർവഹിച്ചു.

അസിസ്റ്റന്റ് രജിസ്ട്രാർ പി.എ. ബഷീർ ചടങ്ങിൽ പങ്കെടുത്തു. ഈ പ്രോജക്റ്റിലെ 28–മത്തെ സംരംഭമാണ് (2021–22 ലെ 3–ാമത്തെ യൂണിറ്റാണ്) ഇത്. യൂണിറ്റിന്റെ മൊത്തം ചെലവ് 42 ലക്ഷം രൂപയാണ്. പൊള്ളാച്ചിയിലെ ജയ് ഗണേഷിൽ നിന്നുള്ള മെഷീനറിയാണ് ഈ യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ളത്. മണിക്കൂറിൽ 3,500 തൊണ്ട് അടിക്കുവാൻ കഴിയുന്ന യൂണിറ്റിന്റെ പവർ ലോഡ് 66 HP യാണ്. സി.പി. അനു ഒരു എൻജിനിയറിംഗ് ബിരുദധാരിയാണ്.

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed

## വേവുന്ന വേനലിലും
## വിളകൾക്കു തണുവായ്, കയർഫെഡിന്റെ കൊക്കോഫെർട്ട്

### കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം









Customer Care Number :

**0477 2243627**



**Call Now : 8281009828,8281009840**


**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com


namasteads.com

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-08-2021, August 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705